[Mr. Speaker]

ബില്ലുകളും നവംബർ ഫ്രാംതീയതി ബുധനാഴ്ച പയ്യാലോചനക്കു വരുമെന്നുള്ള തിനാൽ ഭേദഗതികളും ഉണ്ടെങ്കിൽ അവയുള്ള നോട്ടീസുകളും നാളെ കാലത്തു് ഫ്ര മണിക്കു മുൻപേ സെക്രട്ടറിയെ ഏല്പിക്കേണ്ടതാണു്.

The Travancore Cochin Co-operative Societies Bill *(Contd.)*

ശ്രീ. വി. ഗംഗാധരൻ നായർ: സർ, കോവാപ്രറിവു് സൊസൈറീസു് ബില്ലിന്റെ പര്യാലോചനയിൽ പങ്കുകൊള്ളുന്നതിനു് എനിക്കു അതിയായ സന്തോഷമുണ്ടു്. കാരണം ഞങ്ങൾ ഉൾപ്പെട്ടുന്ന കക്ഷി—ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടി,സഹകരണത്തിനു് വലിയ പ്രധാന്യമാണു് നൽകിയിട്ടുള്ളതു്. ഈ ബില്ലിനെപ്പറ്റിയുള്ള ചർച്ചയിൽ എന്റെ ചില കാൺഗ്രസു് സുഹൃത്തുക്കൾ പറഞ്ഞ അഭിപ്രായഗതിയോടു് യോജിക്കുവാൻ കഴിയുന്നു എന്നുള്ളതു് വളരെ ചാരിതാർത്ഥ്യജനകമാണു്. വിശേഷിച്ചും ശ്രീമാൻ ജോസഫു് മുണ്ടശ്ശേരിയും ശ്രീമാൻ കുഞ്ഞുപ്പുനും പറഞ്ഞ അഭിപ്രായഗതികളോടു എനിക്കു കൂടുതൽ യോജിപ്പാണു് ഉള്ളതു്. ഒരു തികഞ്ഞ യാഥാസ്ഥിതികനായ മി. ബാലകൃഷ്ണൻ തമ്പി ഇവിടെ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ നമുക്കു ചിരിക്കാൻ വേണ്ടിയുള്ളതെന്നല്ലാതെ നിയമനിർമ്മാണത്തെ സഹായിക്കാൻ വേണ്ടിയുള്ളതാണെന്നു് തോന്നുന്നില്ല. എതായാലും സർ, ഒരു സ്ഥിതിസമതത്തിൽ അധിഷ്ഠിതമായ ഒരു സാമൂഹ്യരാഷ്ട്രം സൃഷ്ടിക്കുന്നതിനു് സഹകരണം അല്ലെങ്കിൽ സഹകരണ പ്രസ്ഥാനം ഒരു ഉപകരണമാക്കി തീർക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയല്ല ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെന്നു് കാണുമ്പോൾ നിരാശയാണു് ഉണ്ടാകുന്നതു്. സർ, ഈ ബില്ലിലെ വകുപ്പുകളിലേക്കു കടക്കണമെന്നു് ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. പൊതുവെ പറയുന്നപക്ഷം ഇതു് ഏതാനും സ്ഥാപിത താല്പര്യക്കാരുടെ മറ്റെല്ലാ പ്രസ്ഥാനങ്ങളിലും എന്നപോലെ സഹകരണപ്രസ്ഥാനത്തിലും ഉള്ള നേതൃത്വം നിലനിർത്തുന്നതിനു വേണ്ടി ഉദ്ദേശിച്ചു് ഉണ്ടാക്കിയിട്ടുള്ള ഒന്നാണെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. സർ, ഇന്നു് സഹകാരികളുടെ ഇടയിൽ വളരുന്നതായ വാദപ്രതിവാദത്തിനു് ഇടയായിട്ടുള്ള ലിമിറ്റഡ് സൊസൈറ്റിയോ അൺലിമിറ്റഡ് സൊസൈറ്റിയോ ഏതാണു് വേണ്ടതെന്നുള്ള ഒരു സജീവപ്രശ്നമുണ്ടു്. ക്ലിപ്തസഹിതസംഘങ്ങൾ സഹകരണപ്രസ്ഥാനത്തെ വളരെ അധഃപതിപ്പിക്കുന്നുണ്ടെന്നും അതു പ്രൈവറ്റ enterprisesൽ നിന്നും സഹകരണപ്രസ്ഥാനത്തെ വ്യത്യസ്തമാക്കിത്തീർക്കുന്നില്ലെന്നും, സഹകരണം ഒരു തരം ആളുകളെ പോഷിപ്പിക്കുന്നതിനുള്ള ഒരു പ്രസ്ഥാനമാക്കി തീർക്കാനാണു് ക്ലിപ്തസഹിത സംഘങ്ങൾകൊണ്ടു് സാധിക്കുന്നതെന്നുമുള്ള ശക്തിയായ അഭിപ്രായങ്ങൾ ഇന്നു് ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ക്ലിപ്തരഹിത സംഘങ്ങളായിരിക്കണം മേലാൽ ഉണ്ടായിരിക്കേണ്ടതു് എന്നാണു് എന്റെ ദൃഢമായ അഭിപ്രായം. ക്ലിപ്തരഹിതസംഘങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ടെങ്കിലും ക്ലിപ്തസഹിത സംഘങ്ങൾക്കും വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നുള്ളതു് വിസ്മരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു ക്ലിപ്തസഹിതസംഘങ്ങൾ സ്ഥാപിക്കാനുള്ള സ്വാതന്ത്ര്യം പൂർണ്ണമായി ഇല്ലാതാക്കണം. ക്ലിപ്തരഹിത സംഘങ്ങൾ മാത്രമെ സഹകരണ പ്രസ്ഥാനത്തിൽ ആകാവൂ എന്ന നിയമം കർശനമാക്കേണ്ട കാലം അതിക്രമിച്ചു എന്നാണു് എനിക്കു പ്രത്യേകമായി പറയുവാനുള്ളതു്. ക്ലിപ്തരഹിത സംഘങ്ങൾ ഉണ്ടാകുന്നതായാൽ, ഇന്നു് ഈ സഹകരണപ്രസ്ഥാനം വളരുന്നതിനും പുരോഗമിക്കുന്നതിനും അനുവദിക്കാതെ വിലങ്ങുതടിയായി നിൽക്കുന്ന ഇടത്തട്ടുകാരും സ്ഥാപിത താല്പര്യക്കാരും മുഷകരും സഹകരണ സംഘങ്ങൾ വിട്ടുപോകുവാൻ ഇടയുണ്ടെന്നാണു് എനിക്കു് തോന്നുന്നതു്. ഏതാ

LIBRARY ARCHIVES Kerala Legislative Assembly

യാലും സ്ഥാപിത താല്പര്യക്കാരിൽനിന്നും ഈ പ്രസ്ഥാനത്തെ രക്ഷിക്കുന്നതിനും ഈ പ്രസ്ഥാനത്തെ പൂർണ്ണമായും ജനകീയമാക്കിത്തീർക്കുന്നതിനും വേണ്ട നടപടികളാണ് നാം ഇന്ന് എടുക്കേണ്ടത്. സർ, ഉല്പാദന വിതരണങ്ങളെ പൂർണ്ണമായും ജനകീയ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ സഹകരണ പ്രസ്ഥാനം പ്രയോജനപ്പെടുത്തണമെന്നാണ് എനിക്കു പറയുവാനുള്ളത്. ആ ഉദ്ദേശംവെച്ചു കൊണ്ടുവേണം ഒരു നിയമനിർമ്മാണം ഈ വിഷയത്തിൽ നാം കൊണ്ടുവരേണ്ടത്. സർ, ഈ സഹകരണപ്രസ്ഥാനം ആകപ്പാടെ രാജ്യത്തിനുള്ള ഒരു സോഷ്യലിസ്റ്റ് പ്ലാനിന്റെ സജീവാംശമായ അഭിവൃദ്ധിപ്പെടുത്തിയാൽ മാത്രമെ കാര്യമായ എന്തെങ്കിലും പ്രയോജനം ഉണ്ടാവുകയുള്ളൂ. അതിലേക്കുള്ള ഒരു രാജ്യവ്യാപകമായ പദ്ധതി ശവമ്മേണ്ട ആസൂത്രണം ചെയ്യണം. അങ്ങനെ ഒരു സോഷ്യലിസ്റ്റ് പ്ലാൻ ഉണ്ടാക്കി ഈ നാട്ടിലെ ഉല്പാദന വിതരണങ്ങളും ജനകീയ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനു സഹകരണപ്രസ്ഥാനത്തെ പുനഃസംഘടിപ്പിക്കുവാൻ പര്യാപ്തമായ നിയമങ്ങളും അതിനു ആവശ്യമായ നയപരിപാടികളുമാണ് ഇന്ന് അത്യന്താപേക്ഷിതമായിരിക്കുന്നത്. ഒരു പ്ലാൻഡ് എക്കണോമിയിലേക്ക് രാജ്യത്തെ നയിക്കുവാൻ പര്യാപ്തമായ പരിപാടി—അതു് ഏതുകക്ഷിക്കാർ കൊണ്ടുവന്നാലും—ഞങ്ങളും അതിനെ ശ്ലാഘിക്കാൻ തയ്യാറാണ്. ഇന്നത്തെ നിലയിൽ കാൺഗ്രസിനു അതു് കഴിവില്ലെന്നുള്ളതാണ് യഥാർത്ഥ്യം. കാൺഗ്രസിനെ സംബന്ധിച്ചു പറയുമ്പോൾ നമ്മുടെ ചില മന്ത്രിമാരും ശ്രീമാന്മാർ ജോസഫ് മുണ്ടശ്ശേരി, കുഞ്ഞയ്യപ്പൻ തുടങ്ങിയവരും പറയുന്ന അഭിപ്രായങ്ങളെക്കാൾ, യഥാർത്ഥ കാൺഗ്രസിനെ കൂടുതൽ പ്രധിനിധീകരിക്കുന്നതു് മി. ബാലകൃഷ്ണൻതമ്പിയുടെ 'അഭിപ്രായങ്ങളാണെന്നു് സമ്മതിക്കാതെ തരമില്ല. പുരോഗമനപരമായ അഭിപ്രായങ്ങളാണ് ചില കാൺഗ്രസ്സ് സുഹൃത്തുക്കളും പറയുന്നതെങ്കിലും, യഥാർത്ഥത്തിൽ യാഥാസ്ഥിതികനായ മി. തമ്പിയുടെ അഭിപ്രായഗതികളിക്കാണ് കാൺഗ്രസിൽ ഇന്ന് പ്രാബല്യമുള്ളതെന്നു് നമുക്കു കാണാൻ കഴിയും. അതുകൊണ്ടു് ഈ നിയമനിർമ്മാണം കുറെ മാറ്റിവച്ചാലും തരക്കേടില്ല; വളരെ വിപ്ലവാത്മകമായ ഒരു മനോഭാവത്തോടുകൂടി റീഡ്രാഫ്റ്റു ചെയ്തു നമ്മുടെ നാട്ടിലെ ചെറിയ ചെറിയ കർഷകരെയും ചെറിയ ചെറിയ ഉല്പാദകരെയും കൈത്തൊഴിൽകാരെയും സഹകരണത്തിനുള്ളിൽ നിർബന്ധമായി കൊണ്ടുവരുന്നതിനു് പറ്റിയ ഒരു നിയമനിർമ്മാണം കൊണ്ടുവരണമെന്നാണ് എനിക്കു പറയുവാനുള്ളതു്. സർ, സഹകരണം ഇവിടെ വിജയിക്കണമെങ്കിൽ ഇന്നത്തെ പരിതസ്ഥിതിയിൽ കുറെ നിർബന്ധം ചെലുത്താതെ സാദ്ധ്യമല്ല. ഒരു നെയ്ത്തുകാരനും ഒരു കയർ തൊഴിലാളിക്കും അതുപോലെയുള്ള മറേറതൊരു തൊഴിൽക്കാരനും ഈ പ്രസ്ഥാനത്തിൽനിന്നു് ഒഴിഞ്ഞുനില്ക്കുവാൻ സാദ്ധ്യമല്ലെന്നുള്ള ഒരു നിലവരുത്തണം. ഈ പ്രസ്ഥാനത്തിൽ ഉൾകൊള്ളാത്ത ഒരാൾക്കും ഒറ്റ തിരിഞ്ഞു തൊഴിലിൽ ഏർപ്പെടാൻ അവകാശമില്ലെന്നു് നിയമമുഖം നിർബന്ധിക്കണം. ചെറിയ ചെറിയ കർഷകർക്കു് നമ്മുടെ നാട്ടിലെ സ്ഥിതിക്കു് സഹകരണാധിഷ്ഠാനത്തിൽ സംഘടിച്ചു പ്രവർത്തിക്കാതെ, നമ്മുടെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നതല്ലെന്നു് ഞാൻ ചൂണ്ടികാണിച്ചുകൊള്ളുന്നു. അതുകൊണ്ടു് കൃഷിവ്യവസായ വാണിജ്യാദികളും ഒരു മുഴുകൊല്ലംകൊണ്ടു് സഹകരണത്തിന്റെ കീഴിൽകൊണ്ടുവരാൻ പര്യാപ്തമായ സർവ്വംഗ്രഹമായ ഒരു നിയമനിർമ്മാണമാണു് കൊണ്ടുവരേണ്ടതു്. അതിലേക്കുള്ള പദ്ധതികളും ആസൂത്രണം ചെയ്യണമെന്നു് പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെപ്പറ്റിയുള്ള എന്റെ പ്രസംഗം ഉപസംഹരിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തെ അനുകൂലിക്കുന്നു. സഹകരണമേഖലയിൽ ഈ കാലസ്ഥിതിക്കു് ഏററവും അനുയോജ്യമാണെന്നുള്ളതു് ആരും സമ്മതിക്കാതിരിക്കുകയില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഈ ബില്ലിനു വിധേയമായ സഹകരണം സർവ്വപ്രധാനമാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. സംഘസ്ഥാപനങ്ങളുടെ പേരിൽ ഈ രാജ്യത്തെ ജനക്ഷേമത്തേയും നീതിനിഷ്ഠയേയും ശരിയായ നിലയിൽ നടത്തിപ്പോന്നിരുന്നതു് സഹകരണസംഘങ്ങൾ എന്നുള്ള ഒരു പ്രസ്ഥാനത്തിലൂടെ ആയിരുന്നു. പരസ്പരധനസഹായസംഘങ്ങൾ എന്നായിരുന്ന ആ സ്ഥാപനത്തിന്റെ പ്രവർത്തനപരിപാടിയുടെ ആദ്യത്തെ പേർ, എന്നുള്ള വസ്തുതനാം അറിഞ്ഞിരിക്കേണ്ടതാണു്. പരസ്പര ധനസഹായ സമ്പ്രദായത്തിന്റെ വ്യാഖ്യാനരൂപേണയുള്ള ഒരു പേരിലാണു് ഇവിടെ സഹകരണരീതി നടപ്പാക്കിയിട്ടുണ്ടായിരുന്നതു എന്നുള്ളതും നാം ഓർക്കേണ്ടതായിട്ടുണ്ടു്. ഇന്നാണെങ്കിൽ സർവ്വപ്രാധാന്യം അർഹിക്കുന്ന ആ സഹകരണനിയമം പരിഷ്കരിച്ചു് സംയോജിപ്പിച്ചു നടപ്പിലാക്കുവാൻപോകുന്നതരത്തിൽ എത്തിയിരിക്കുകയാണു്. ഗവണ്മെണ്ടിന്റെ ഇതു സംബന്ധമായ താല്പര്യത്തേയും ഉദ്യമത്തേയും സംബന്ധിച്ചിടത്തോളം ഈ സഭയിൽ ഉണ്ടായിട്ടുള്ള പര്യാലോചനകളാൽ അംഗങ്ങളിൽ നിന്നുണ്ടായിട്ടുള്ള വിദഗ്ധാഭിപ്രായം എന്താണെന്നു ഇവിടെ പ്രഖ്യാപിതമായിക്കഴിഞ്ഞിട്ടുണ്ടു്. ഈ സന്ദർഭത്തിൽ എന്റെ വിനീതമായ അഭിപ്രായവും ഈ സഭയുടെ ഏകകണ്ഠമായ അഭിപ്രായത്തോടു യോജിപ്പിച്ചു് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളമുള്ള ചില നിർദ്ദേശങ്ങളും നൽകുകയും ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രി അതു് അംഗീകരിച്ചു സഹകരണം ഒരു തീരുമാനത്തിൽ കൊണ്ടുവരേണ്ടതു് അവശ്യം ആവശ്യമാണെന്നു ഉൽബോധിപ്പിക്കുകയും ചെയ്യുവാനാണു് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു്. ഈബില്ലിലുള്ള കൂടുതൽ കുറവുകളെപ്പററിയും വകുപ്പുകളിലുള്ള പോരായ്മകളെക്കുറിച്ചും പലതും ഇവിടെ പ്രസ്താവിച്ചിട്ടുള്ളതിനെ സംബന്ധിച്ചിടത്തോളം കൂടുതലായി വല്ലതും പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ആ പ്രസ്താവനകളിലേക്കു ഗവണ്മെണ്ടിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടേയും ശ്രദ്ധയെ ഞാൻ ആകർഷിക്കുന്നു. കഴിഞ്ഞ ഗവണ്മെൻറാണെന്നു തോന്നുന്നു ഈ പരസ്പരസഹായസംഘത്തിന്റെ അടസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ വിവിധമാർഗ്ഗങ്ങളെക്കുറിച്ചു് അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ ഒരു വിദഗ്ധ സമിതിരൂപീകരിച്ചിട്ടുണ്ടായിരുന്നതു്, ആ സമിതിയുടെ പേർ നാമെല്ലാവരും ഓർക്കുന്ന "ദേവധാർകമ്മിററി" എന്നായിരുന്നു.

ഈ രാജ്യത്തെ സഹകരണപ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ൪൦൦ പേജുകളോളം ഉള്ള ആ റിപ്പോർട്ടു അനുസരിച്ചു ഗവണ്മെണ്ടിന്റെ പ്രവർത്തനത്തിൽ എന്തു പ്രാതിനിധ്യമാണു് അർഹിക്കുന്നതെന്നറിഞ്ഞുകൂടാ. ആ നിർദ്ദേശം എത്രമാത്രം നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള കാര്യംതന്നെ ആശങ്കാവഹമായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ചു പരിഷ്കാരങ്ങൾ വരുത്തുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും ഈ സഭയും ദേവധാർകമ്മിററിയുടെ റിപ്പോർട്ടിലേക്കു ഒന്നു കണ്ണോടിക്കേണ്ടതുണ്ടെന്നു ഓർമ്മപ്പെടുവാൻ ഞാനാഗ്രഹിക്കുന്നു.

സർ, ഇനി വേറൊരു സംഗതി അങ്ങയുടേയും ഈ സഭയുടേയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ എനിക്കാഗ്രഹമുണ്ടു്. ഒരു സഹകരണമനോഭാവം ഈ സംസ്ഥാനത്തെ ആബാലവൃദ്ധം ജനതയുടെ മുമ്പിൽ സ്ഥിരമായി നിലനിറുത്തുവാൻ ഈ ഗവണ്മെണ്ടിനും ഈ സംസ്ഥാന നിയമസഭയ്ക്കും ഈ രാജ്യത്തെ തരണവിദഗ്ധന്മാരായ എല്ലാവർക്കും സമയവും സൗകര്യവും ലഭിക്കണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടെങ്കിൽ അവരിൽ അത്രമാത്രം രാജ്യക്ഷേമൈകപരമായ പുരോഗമനകാംക്ഷ ഉണ്ടായിരിക്കേണ്ടതാണെന്നു പറയുവാൻ ഞാൻ വിനീതനായി ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സഹകരണമനോഭാവത്തിനു സവ്വപ്രാധാന്യമുണ്ടു് എന്നുള്ളതിനു് ഒരു വിധത്തിലും അഭിപ്രായവ്യത്യാസമില്ല. എന്റെ വിനീതമായ അഭിപ്രായത്തിൽ സഹകരണ മനോഭാവം ആദരണീയമാണെന്നിരുന്നാലും, മുൻകാലങ്ങളെ അപേക്ഷിച്ചു് കുറച്ചുകൂടി മുന്നോട്ടുപോകുവാൻ സമയം വിനിയോഗിക്കുകയാണെങ്കിൽ അതു് ഏറ്റവും ഉപകാരപ്രദമായിതീരുമെന്നു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

"വലുതിന്നിര ചെറുതെന്നതു മുരജീവിതനിയമം
ചെറുതിൻതുണ വലുതെന്നതുതന്നെ നരധർമ്മം
ദ്വന്ദമേ വസുമതിയിടെ സുഖമമരേണ്ട വരല്ലോ
സഹഭാവനവേണം ദ്വന്ദസഹഭാവന വേണം.

എന്നുള്ള ഉപദേശമുണ്ടു്. ഇതു് മുൻമന്ത്രി ശ്രീ. അയ്യപ്പൻ അവർകളുടെ വിദഗ്ദ്ധോപദേശമാണു്. അദ്ദേഹം ഇവിടെയില്ല. സഹഭാവന വേണമെന്നാണു് അദ്ദേഹം പറയുന്നതു്. അതിനെല്ലാം നേതൃത്വം നൽകുന്ന ഒരു ബില്ലുത്രേ ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ ബില്ലു നോക്കിയാൽ ഇതിന്റെ നാനാവശങ്ങളെപ്പറ്റിയും ആലോചിച്ചാൽ പശ്ചാത്താപംതന്നെയുണ്ടാകുമെന്നു ഞാൻ പറയുകയില്ല.

എന്റെ വിനീതമായ അഭിപ്രായം, ഗവണ്മെണ്ടിന്റെയും ഈ സഭയുടെയും പര്യാലോചനയ്ക്കു വരുന്ന ബില്ലുകളായാലും നിയമങ്ങളായാലും പ്രസ്താവനകളായാലും എല്ലാംതന്നെ അതിന്റെ വിതരണത്തിലും പ്രചാരത്തിലും കൂടുതൽ അഭിവൃദ്ധി ഉണ്ടായിരിക്കേണ്ടതാണു്. ഏറ്റവും പ്രാധാന്യം അർഹിക്കുന്ന വർത്തമാനപ്പത്രങ്ങൾ, മലയാളരാജ്യം, കേരളമിത്രം, മലയാളി, പ്രഭാതം, ദേശബന്ധു, തുടങ്ങിയ പല വർത്തമാനപ്പത്രങ്ങളും തന്നെയും എന്തുകൊണ്ടു് ഈവക നല്ല പ്രചരണങ്ങൾ നടത്തുന്നതിനുള്ള സന്ദർഭം ഉപയോഗിക്കുന്നില്ലെന്നു ഞാൻ ചോദിക്കുന്നു. ഇതുവരെ ഞാൻ ചോദിച്ചിട്ടുള്ള ഒരു ചോദ്യമല്ല ഇതു്. ഇന്നു നമ്മുടെ മലയാളപ്പത്രങ്ങൾ പലതും സാധാരണ ചെയ്യാറുള്ള ഒരു സംപ്രദായം പത്രത്തിന്റെ പ്രകൃതിവശവും പാഴായി ഇടാറുള്ളതാണു്. സർ, വിനീതമായി പറയുകയാണെങ്കിൽ ഞാൻ ഒരു പത്രപ്രവർത്തകനും പത്രാധിപനും കൂടിയായിരുന്നു. ഇങ്ങനെ പാഴായികളയുന്ന പത്രസ്ഥലം ജനസാമാന്യത്തിന്റെ ശ്രദ്ധയെ ഹഠാദ് ആകർഷിക്കത്തക്കവണ്ണമുള്ള പല നല്ല പ്രചരണങ്ങളും നടത്തുവാൻ ഉപയോഗിക്കാവുന്നതാണു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഒരു ചോദ്യം, ഇതു നല്ല കാര്യമാണെന്നു പത്രക്കാർക്കു ബോധ്യം വരണ്ടേ?

ശ്രീ. റ്റി. റ്റി. കേശവൻ ശാസ്ത്രി: അതു വേണം.

നല്ല കാര്യമായി സ്വീകരിച്ചു് പത്രങ്ങളിൽ പ്രചാരം നൽകുന്ന ആളുകളും അതിനു നേതൃത്വം നൽകുന്ന സംപ്രദായങ്ങളുമെല്ലാംതന്നെ വേണ്ടവണ്ണം സന്ദർഭവും സമയവും ഉപയോഗിച്ചു ജനക്ഷേമത്തെ മുൻനിറുത്തി പ്രവർത്തിക്കേണ്ടതാവശ്യമാണു്. അവർക്കു് ഇങ്ങനെയുള്ള കാര്യങ്ങളിൽ നമ്മെ എല്ലാവരേയും ആഹ്വാനം ചെയ്യേണ്ട കടമയുള്ളതു് ചെയ്തിട്ടില്ല എന്നാണു് ഞാൻ പറയുന്നതു്.

നാമെല്ലാവരുംതന്നെ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനും കാംക്ഷിക്കുന്ന മഴലികവാദികളാണു്. നാം അങ്ങിലെ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. T. Kesavan Sastri]

ഷിക്കുന്നതും വിചിന്തനം ചെയ്യുന്നതും അനുഷ്ഠിക്കേണ്ടതുമായ നിയമങ്ങളെല്ലാം തന്നെ സംസ്ഥാനത്തിന്റെ ക്ഷേമത്തേയും ഐശ്വര്യത്തേയും മുൻനിറുത്തിയുള്ളതാണ്. അങ്ങനെയുള്ള പര്യാലോചനങ്ങൾക്കു മുമ്പായി ഈവക സംഗതികൾ നിശ്ചയമായും വർത്തമാനപ്പത്രങ്ങൾ വഴിയായും മറ്റു പ്രചരണസ്ഥാപനങ്ങൾ വഴിയായും കഴിവുള്ള പ്രചരണവേലകൾ ചെയ്യണമെന്നുള്ളതാണ് സവിനയം എനിക്കിവിടെ അറിയിക്കുവാനുള്ളതു്.

ഈ ബില്ലിന്റെ ഉപാധിയെ സംബന്ധിച്ചു് ഈ സമയത്തു് ഒന്നും പറയുവാൻ ഞാനാഗ്രഹിക്കുന്നില്ല. ഏതായാലും ഈ ബിൽ നടപ്പിലാകുമ്പോൾ ഇതിന്റെ പ്രവർത്തന പരിപാടിയിൽ വളരെ വിഷമങ്ങൾ പരിഹരിക്കാൻ സിലക്ടു കമ്മിറ്റി അംഗങ്ങളും മന്ത്രിയും നിശ്ചയമായും ശ്രദ്ധിക്കുമെന്നാണ് എന്റെ വിശ്വാസം. ഈ ബിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും ജനക്ഷേമത്തിനു ഉപകാരപ്രദമായിട്ടുള്ളതും ആയതുകൊണ്ടു ഞാൻ ഇതിനെ അനുകൂലിക്കുന്നു.

ശ്രീമതി ആനി ജോസഫ്. സംയോജിക്കപ്പെട്ട തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിലെ നിയമങ്ങളും സംയോജിപ്പിക്കുകയെന്നുള്ളതിൽ കവിഞ്ഞു ഇവിടെ പാസ്സാക്കിത്തള്ളുന്ന ബില്ലുകൾക്കു് പ്രത്യേകം പ്രാധാന്യം കല്പിപ്പിക്കേണ്ടതായിട്ടില്ല. ഇതിലെ പല വകുപ്പുകളെപ്പറ്റിയും ഇവിടെ പലരും അഭിപ്രായങ്ങൾ പറഞ്ഞു കഴിഞ്ഞിട്ടുണ്ടു്. എന്നാൽ ഒരു പ്രത്യേക കാര്യത്തെ സംബന്ധിച്ചുമാത്രമെ പ്രധാനമായി പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

സഹകരണം എന്ന പദംതന്നെ അഭികാമ്യമാണു്. സഹകരണത്തിന്റെ അടിസ്ഥാനത്തിൽ ആത്മാർത്ഥമായ സഹകരണബോധത്തോടുകൂടി പൊതുജനങ്ങൾക്കു് വിലയേറിയ സഹായങ്ങൾ ചെയ്തുകൊടുക്കണമെന്ന ഉദ്ദേശത്തോടുകൂടി തുടങ്ങിയിട്ടുള്ള പ്രസ്ഥാനങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ നിയമങ്ങൾ പാസ്സാക്കുക എന്നുള്ളതു് വളരെ ഉപയോഗപ്രദമായ ഒരു കാര്യമാണു്. പക്ഷെ ഈ പ്രസ്ഥാനം പലപ്പോഴും ജനങ്ങൾക്കുപകരിക്കത്തക്കവിധത്തിൽ ഉയരുന്നില്ല. അതിനുള്ള പ്രധാന കാരണം സഹകാരികളുടെ നിരുത്തരവാദിത്വം കൊണ്ടാണെന്നിവിടെ പലരും പറയുകയുണ്ടായി. ഏറെക്കുറെ ശരിയായിരിക്കാം. നടത്തിപ്പിന്റെ ദോഷംകൊണ്ടും പ്രവർത്തകന്മാരുടെ അലസതകൊണ്ടും ഒരു പക്ഷെ ഈ പ്രസ്ഥാനം മോശമായിത്തീർന്നിട്ടുണ്ടായിരിക്കാം. എന്നാൽ അതിന്റെ യാഥാർത്ഥ്യം എന്താണെന്നു കാണുവാൻ അതേ ഗൗരവത്തോടുകൂടി ചിന്തിക്കേണ്ട മറ്റൊരു സംഗതിയുണ്ടു്.

എന്റെ അഭിപ്രായത്തിൽ ഈ സഹകരണപ്രസ്ഥാനം അധഃപതിക്കുന്നുണ്ടെങ്കിൽ അതിനുള്ള പ്രധാനകാരണം അതിന്റെ ചുക്കാൻ പിടിക്കുന്ന ഉദ്യോഗസ്ഥന്മാരും മേലദ്ധ്യക്ഷന്മാരുമാണെന്നാണു്. ഏറ്റവും അധികം അനുദ്യോഗസ്ഥന്മാരുമായി ഇടപെടേണ്ടവരാണല്ലോ ഈ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ. അനുദ്യോഗസ്ഥന്മാർ സത്യമായും നീതിയായും പെരുമാറണമെങ്കിൽ ഉദ്യോഗസ്ഥന്മാരും അതുപോലെ പെരുമാറണം. ഞാൻ ഇതു് പറയുവാൻ കാരണം അനുഭവംമാത്രമാണു്. പണാപഹരണം സംബന്ധിച്ചോ മറ്റോ തിരുവിതാംകൂറിലെ ഒരു സഹകരണവകുപ്പുദ്യോഗസ്ഥനെ ഇപ്പോൾ സസ്പെൻഷനിൽ നിർത്തിയിട്ടുണ്ടു്. കൊച്ചിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ സഹകരണപ്രസ്ഥാനം തുടങ്ങിയതു മുതൽ ഇതുവരെ ആ പ്രസ്ഥാനത്തിനു ആത്മാർത്ഥമായ നിലയിൽ പുരോഗമനം ഉണ്ടാകുവാൻ പറ്റിയ ഒരു രജിസ്ട്രാരെ കിട്ടിയിട്ടില്ല. ശ്രീമാൻ മല്ലോത്തു മാത്രമെ പറ്റിയ ഒരു റജിസ്ട്രാർ അവിടെ ഉണ്ടായിട്ടുള്ളൂ. ഇപ്പോഴത്തെ റജിസ്ട്രാരെ ഞാൻ ഇതു് പറയുന്നതു് അദ്ദേഹത്തോടുള്ള വ്യക്തി

LIBRARY ARCHIVES Kerala Legislative Assembly

പരമായ വിദ്വേഷംകൊണ്ടല്ല, കൊച്ചിയിൽ ജനകീയഭരണം തുടങ്ങിയ കാലത്താണെന്നു തോന്നുന്നു—ശ്രീമാൻ ടി. കെ. നായർ മന്ത്രിയായിരുന്ന കാലത്താണെന്നു തോന്നുന്നു വേണ്ടത്ര ഗുണം പ്രസ്ഥാനത്തിനുണ്ടാകുന്നില്ലെന്നുകണ്ടു് ലാൻറ മാർട്ടഗേജു് ബാങ്കു് സെക്രട്ടറിയായി ഇദ്ദേഹം തരം താഴ്ത്തപ്പെട്ടു. എന്നാൽ ഇപ്പോൾ അദ്ദേഹത്തെ ചില ശുപാർശകളുടെ ഫലമായി തിരുവിതാംകൂർ. കൊച്ചി സംസ്ഥാനത്തിന്റെ കോ-ഓപ്പറേറീവു രജിസ്ട്രാരായി ഉയർത്തപ്പെട്ടിരിക്കുകയാണു്. സഹകരണപ്രസ്ഥാനം വഴിയായുള്ള പ്രവർത്തനം പൊതുജനങ്ങൾക്കു് കൂടുതൽ പ്രയോജനപ്പെടണമെന്നുള്ള യഥാർത്ഥമായ സഹകരണമനോഭാവത്തോടുകൂടി മേലധികാരികൾ നിർവ്വഹിക്കാത്തപക്ഷം അതു് കൂടുതൽ അധഃപതനത്തിനു കാരണമാകുമെന്നതിനു സംശയമില്ല. അതിനാൽ സഹകരണപ്രസ്ഥാനങ്ങളുടെ അഭിവൃദ്ധിക്കു് അതിന്റെ പ്രവർത്തനത്തിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്കു് പ്രധാനമായി ജനകീയമായ ഇടപെടൽ അത്യാവശ്യമാണു്. സഹകരണസംഘങ്ങൾ രൂപീകരിക്കുക; അതിന്റെ രൂപീകരണത്തിനു വേണ്ടിയുള്ള സകലവിധ സഹായങ്ങളും ചെയ്തുകൊടുക്കുക; രൂപീകരിക്കപ്പെട്ട സംഘങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക പ്രവർത്തകന്മാർ തമ്മിൽ വഴക്കുകൾ ഉണ്ടാകാതെ സമാധാനമായ രീതിയിൽ പൊതുജന നന്മയെ ലാക്കാക്കി അതിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുക തുടങ്ങിയുള്ള പല ജോലികളും ആ പ്രസ്ഥാനങ്ങളുടെ ചുമതല നിർവ്വഹിക്കുന്നവർ ചെയ്യേണ്ടതുണ്ടു്. ആ വിധത്തിൽ ജനകീയമായ യാതൊരു ശ്രമങ്ങളും നടത്താതെയാണു് വളരെ അധികം പ്രസ്ഥാനങ്ങൾ കാൻസൽ ചെയ്യപ്പോകുന്നതിനിടയായിട്ടുള്ളതു്. രജിസ്ട്രാർക്കു കൂടുതൽ അധികാരങ്ങൾ കൊടുക്കണമെന്നു് ഈ ബില്ലിൽ കാണുന്നുണ്ടു്.

നിയമത്തിൽ രജിസ്ട്രാർക്കു് കൊടുത്തിട്ടുള്ള അധികാരങ്ങൾ വളരെ വലുതാണു്. മിനഞ്ഞാന്നു ശ്രീമാൻ കുഞ്ഞയ്യപ്പൻ രജിസ്ട്രാരുടെ അധികാരങ്ങളെ സംബന്ധിച്ചു സംസാരിച്ചപ്പോൾ വളരെ അധികം അധികാരങ്ങൾ അദ്ദേഹത്തിനു കൊടുക്കണമെന്നു് ശുപാർശ ചെയ്തുയുണ്ടായി. അതിൽ അദ്ദേഹത്തിനു് വല്ല പ്രത്യേക ഉദ്ദേശവും ഉണ്ടോ എന്നു് എനിക്കു് അറിഞ്ഞുകൂടാ ശ്രീമാൻ ഇലങ്കത്തു് ഈ അധികാരത്തിൽ തീർച്ചയായും കടിഞ്ഞാൺ ഇടേണ്ടതാണെന്നു് ശക്തിയായി വാദിച്ചു. ഇക്കാര്യത്തിൽ ഞാൻ അദ്ദേഹത്തോടു് യോജിച്ചുകൊള്ളുന്നു. ഒരു സിവിൽ കോടതിയുടെ അധികാരമാണു് ഇന്നത്തെ രജിസ്ട്രാർക്കു നൽകിയിട്ടുള്ളതു്. സൊസൈറ്റി അംഗങ്ങളെ പിരിച്ചുവിടുക, യാതൊരു നിശ്ചയവും കൂടാതെ സൊസൈറ്റി പൂട്ടിയിടുക. അതിന്റെ സ്വത്തുക്കൾ കണ്ടുകെട്ടുക എന്നിങ്ങനെയുള്ള അധികാരങ്ങളാണു് ഒരു രണ്ടാംതരം ആഫീസറായ രജിസ്ട്രാർക്കു് ഈ ബിൽമൂലം നൽകിയിരിക്കുന്നതു്. അതു് അറ്റകൈയ്ക്കു ചെയ്യുക എന്നുള്ള തരത്തിലല്ലാതെ നിത്യേന ഉപയോഗിക്കാനുള്ള ഒരു അധികാരമല്ല ഇന്നത്തെ രജിസ്ട്രാരാണെങ്കിൽ അവിടെവച്ചും ഇവിടെവച്ചും വ്യക്തിപ്രമായ വിദ്വേഷം വച്ചുകൊണ്ടു് പ്രവർത്തിക്കുന്നതു കുറെ പതിവായിത്തീർന്നിട്ടുണ്ടു്. പൊതുജനങ്ങളുടെ ഇടയിൽ അങ്ങേഅറ്റം മുതൽ ഇങ്ങേഅറ്റംവരെയുള്ള ജനങ്ങൾക്കു് ഈ സഹകരണസംഘങ്ങളിൽ അംഗമായിത്തീരാനുള്ള അധികാരമുണ്ടു്, അവകാശമുണ്ടു്. ശ്രീമാൻ ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ പല കാര്യകർത്തക്കളും പ്രവർത്തിക്കാൻ സാധിക്കാത്ത തരത്തിൽ ഈ സംഘങ്ങളുടെ ഭരണം താഴ്ന്നുപോയിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. അതുകൊണ്ടു് ഈ കാര്യത്തിൽ പ്രത്യേകം പറയാനുള്ളതു് പൊതുജനങ്ങളെ ഏറ്റവും പ്രധാനമായി ബാധിക്കുന്നതായ ഈ പ്രസ്ഥാനത്തിന്റെ ഭരണം വേണ്ടരീതിയിൽ പുലർത്താൻ ഇന്നത്തെ നിലയിൽ സാധിക്കാത്തപക്ഷം അതിനെ സാദ്ധ്യമാക്കത്തക്ക തരത്തിലുള്ള ഉദ്യോ

LIBRARY ARCHIVES Kerala Legislative Assembly

[Sri. T. T. Kesava Sastri]

സ്ഥാനെ നിയമിക്കണം. സെലക്ഠ കമ്മിറ്റിയിൽ ഈ ബിൽ പരിശോധനയ്ക്കു വരുമ്പോൾ രജിസ്ട്രാക്ക് നൽകിയിട്ടുള്ളതായ അധികാരങ്ങളെപ്പറ്റി ഒരു രൂപമായി ചിന്തിക്കേണ്ടതാണ്.

Sri. A. Thanu Pillai: In discussing a legislative measure of this kind, I wish to know whether it is proper to discredit a particular officer in this way.

Mr. Speaker: It is a matter to be avoided especially because the officer who is subjected to criticism is not in a position to offer his remarks by way of explanation. But if it is found necessary for the purpose of elucidating a point on matters of general public importance it may be referred to in such manner as not to implicate him.

ശ്രീമതി ആനി ജോസഫ്: ഞാൻ പറയുന്നതു് ഇതല്ലേഹത്തിനു മേൽ എക്സ് പ്രഷനൊക്കൊണ്ടു് തീക്കാനാവുന്നതല്ലെന്നാണു്. അതുകൊണ്ടു് മേലാൽ ഒരു രജിസ്ട്രാരെ നിയമിക്കുമ്പോൾ തിരുവിതാംകൂറിലും കൊച്ചിയിലും നടന്നിട്ടുള്ള കാര്യങ്ങളെക്കുറിച്ചു് ആലോചിക്കണമെന്നു് അറിയിക്കണമെന്നുള്ളതായിരുന്നു എന്റെ ഉദ്ദേശം. പരമാർത്ഥം പറയുകയാണെങ്കിൽ ഈ രജിസ്ട്രാരുമായി യാതൊരു പരിചയവും എനിക്കില്ല. അദ്ദേഹത്തെ കാണുകയോ അദ്ദേഹവുമായി സംസാരിക്കുകയോ ചെയ്തിട്ടില്ല. പക്ഷേ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ സൂക്ഷ്മമായി പരിശോധിയ്ക്കാനുള്ള സന്ദർഭം എനിക്കുണ്ടായിട്ടുണ്ടു്. വ്യക്തിപരമായി പറയുകയല്ല ചെയ്തിട്ടുള്ളതു്. വേദനാജനകമായ ചില കാര്യങ്ങൾ പറയുകയാണു് ചെയ്തതു്. ഈ പ്രസ്ഥാനം ശ്രീമാൻ ഗംഗാധരൻ പറഞ്ഞതുപോലെ ജനകീയാടിസ്ഥാനത്തിൽ ഉയർത്തിക്കൊണ്ടുവരണമെന്നു വരികിൽ, പൊതുജനങ്ങൾക്കു് ഉപയോഗപ്പെടണമെന്നു് വിചാരിക്കുന്നുണ്ടെന്നുവരികിൽ, അതിനു് ഉപകരിക്കുന്ന ആളുകളേയും ആഗ്രഹമുള്ള ആളുകളേയും അതിലേയ്ക്കു് വയ്ക്കണമെന്നു് പറയാനെ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നുള്ളൂ.

ശ്രീ. എ. ഈശ്വരപിള്ള: നിലവിലിരിക്കുന്ന നിയമനങ്ങളിൽ പല വ്യതിയാനങ്ങളും വരുത്തി ഈ ബില്ല് സഭയിൽ അവതരിപ്പിച്ചിരിക്കുകയാണെന്നു് ബഹു. മന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. പറഞ്ഞ വിധത്തിലുള്ള വ്യതിയാനങ്ങളൊന്നും ഈ ബില്ലിൽ വരുത്തിയിട്ടില്ലെന്നാണു് എനിക്കു് പറയാനുള്ളതു്. രണ്ടു് മൂന്നു ഭേദഗതികളും വരുത്തിയിട്ടുള്ളതു് അത്ര ആശാസ്യമാണെന്നോ അഭികാമ്യമാണെന്നോ എനിക്കു് അഭിപ്രായമില്ല. ഒന്നാമതായി ഈ ബില്ലിൽ വരുത്തിയിട്ടുള്ള വ്യത്യാസം ഡിപ്പാർട്ടുമെന്റു് അധികൃതരുടെ നിയന്ത്രണാധികാരം വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതാണു്. ഇപ്പോൾ ഉള്ള നിയമത്തിൽ നിന്നും വളരെ അധികം അധികാരങ്ങൾ രജിസ്ട്രാക്കു് നൽകിയിരിക്കുന്നതായി ഈ ബില്ലിൽ കാണുന്നു. ഇതു് മറ്റു മെമ്പറന്മാർ പറഞ്ഞതുപോലെ പ്രധാനമായും ഒരു ജനകീയ പ്രസ്ഥാനമാണു്. ഇംഗ്ലണ്ടിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും സാധാരണ ഈ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുകൊടുക്കുന്നതിനുള്ള ചുമതല മാത്രമേ ഗവണ്മെണ്ടു് എടുക്കുന്നുള്ളൂ. ബാക്കിയുള്ള കാര്യങ്ങളെല്ലാം അനുദ്യോഗസ്ഥന്മാർ തന്നെയാണു് നിർവ്വഹിക്കുന്നതു്. അങ്ങനെയിരിക്കുമ്പോൾ ഇവിടെ ഭരണാധികാരങ്ങളും നിയന്ത്രണങ്ങളും ചുമതലകളും എല്ലാം ഡിപ്പാർട്ടുമെണ്ടുദ്യോഗസ്ഥന്മാരിൽ അടിച്ചേൽപ്പിക്കുന്നതു് ശരിയാണെന്നു് എനിക്കു് അഭിപ്രായമില്ല.

രണ്ടാമതായി ഒരു മാറ്റം വരുത്തിയിരിക്കുന്നതു് ഒരു വ്യക്തിക്കു് എടുക്കാവുന്ന ഓഹരിയുടെ സംഖ്യ ൫,൦൦൦-ൽ നിന്നും ൧,൦൦൦ ആയി വർദ്ധിപ്പിച്ചിരിക്കുന്നു എന്നുള്ളതാണു്. എന്റെ സ്നേഹിതൻ മിസ്റ്റർ ഗംഗാധരന്റെ അ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായപ്രകാരമാണെങ്കിൽ അതു് മുതലാളികളുടെ കയ്യിലേയ്ക്കു ഈ പ്രസ്ഥാനത്തെ വിട്ടുകൊടുക്കുന്നതിനു പ്രേരണ ചെലുത്തുന്ന ഒരു വ്യവസ്ഥയാണെന്നു് പറയേണ്ടിയിരിക്കുന്നു. മൂലധനം വർദ്ധിപ്പിക്കണമെന്നുണ്ടെങ്കിൽ കൂടുതൽ അംശങ്ങളെ ചേർക്കുകയാണു് വേണ്ടതു്. അല്ലാതെ ധാരാളം പണമുള്ള ആളുകൾക്കു ഈ പ്രസ്ഥാനം പിടിച്ചെടുക്കത്തക്കവിധത്തിലുള്ള വ്യവസ്ഥകൾ ചെയ്യുന്നതു് ശരിയായിരിക്കയില്ല.

പിന്നൊരു വ്യത്യാസം വരുത്തിയിട്ടുള്ളതു് ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനു് ൭ ൦ പേർ ചേർന്ന അപേക്ഷിക്കണമെന്നുള്ളതാണു്. നിലവിലിരിക്കുന്ന നിയമത്തിൽ ൫ ൦ പേർ കൂടി അപേക്ഷിച്ചാൽ സംഘം രജിസ്റ്റർ ചെയ്തു കൊടുക്കാമെന്നു് വ്യവസ്ഥയുണ്ടു്. അങ്ങനെയിരിക്കെ അപേക്ഷകന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതു് നിശ്ചയമായും സഹകരണപ്രസ്ഥാനത്തിന്റെ സുഗമമായ പ്രചരണത്തിനു തടസ്സമായി വരാൻ എളുപ്പമുണ്ടു്. ഇങ്ങനെ ഒന്നുരണ്ടു് സംഗതികളല്ലാതെ കൂടുതലായി പ്രസ്താവിക്കത്തക്കവിധത്തിലുള്ള ഭേദഗതികളൊന്നും ഈ ബില്ലിൽ ചേർത്തിട്ടുള്ളതായി കാണുന്നില്ല.

ഇൻഡ്യ സ്വതന്ത്ര്യമായശേഷം, രാഷ്ട്രത്തിന്റെ അഭിലാഷം കോ-ഓപ്പറേറ്റീവു് കാമൺവെൽത്തു സ്ഥാപിക്കണമെന്നുള്ളതാണെന്നു് പ്രഖ്യാപനം ചെയ്തതിനുശേഷം ഈ മാതിരി ഭാവനാരഹിതവും പ്രതിഷേധാർഹവുമായ ഒരു ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ചതു് ആക്ഷേപാർഹമാണു്. ഇൻഡ്യൻ പ്രവിശ്യകളിൽ നടപ്പാക്കിയിട്ടുള്ള ചില സഹകരണ നിയമങ്ങളെ അനുകരിച്ചാണു് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു് എന്നു് ബഹു. മന്ത്രി പറയുന്നു. ഈ അടുത്ത കാലത്തു് യു. പി. യിലും, സി. പി. യിലും, ബാംബെയിലും മറ്റെ നടപ്പിൽ വരുത്തിയിട്ടുള്ള നിയമം ഇതിന്റെ പ്രയോക്താക്കൾ വായിച്ചു നോക്കുകപോലും ചെയ്തിട്ടില്ലെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇന്നു് നമ്മെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന പ്രശ്നം ഭക്ഷ്യോല്പാദനമാണു്. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു്, ആധുനികരീതിയിൽ കൃഷി നടത്തി വിളവു വർദ്ധിപ്പിക്കുന്നതിനു് ഈ സഹകരണപ്രസ്ഥാനത്തിനു് വളരെ കഴിവുകളുണ്ടെന്നുള്ള സംഗതി സർവ്വവിദിതമായ ഒരു കാര്യമാണു്. അതിലേക്കു് എന്തെങ്കിലും ഒരു വ്യവസ്ഥ ഈ ബില്ലിൽ കൊണ്ടുവരാത്തതു് ഒരു കുറ്റവിലോപമാണെന്നു് തന്നെ പറയേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചു് ഈ സംസ്ഥാനത്തിലെ കൃഷിസ്ഥലങ്ങൾ എല്ലാം തുണ്ടുതുണ്ടായിരിക്കുന്നതുകൊണ്ടു് കൂട്ടുകൃഷിയോ നെടുകൃഷിയോ ചെയ്തു് വിളവു വർദ്ധിപ്പിക്കാൻ വിഷമിയ്ക്കുന്ന അവസരത്തിൽ കോ-ഓപ്പറേറ്റീവു് ഫാമിംഗ് നടപ്പിൽ വരുത്തുന്നതിനു് ആവശ്യമുള്ള വ്യവസ്ഥ ഇതിലുണ്ടായിരിക്കേണ്ടതായിരുന്നു. ഇന്നത്തെ ലോകത്തിൽ നോക്കുകയാണെങ്കിൽ സമ്പത്തിന്റെ സംയമനവും ക്രമമായ വിതരണവും ഈ പ്രസ്ഥാനം മൂലമേ ശരിയായി നടത്തുവാൻ സാധിക്കുവെന്നു കാണാം. അതിനാവശ്യമായ വ്യവസ്ഥകളും ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. അതുകൊണ്ടാണു് ഞാൻ ആദ്യമായി പറഞ്ഞതു് ഇതു് ഭാവനാരഹിതമായ ഒരു നിയമമാണെന്നും ഇതിന്റെ പ്രയോക്താക്കൾ ഇതിനെപ്പറ്റി ശരിയായി പഠിച്ചിട്ടില്ലെന്നും. ഇതു് നിശ്ചയമായും ഒരു അനുദ്യോഗസ്ഥ പ്രസ്ഥാനമാണു്. ഈ അടുത്ത കാലത്തു് നെയ്യാറ്റിൻകര വച്ചുകൂടിയ തിരുവിതാംകൂർ-കൊച്ചി സഹകാരികളുടെ കാൺഫറൻസിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനു് ഒരു ബിൽ ഉണ്ടാക്കുന്നതിനു് ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിക്കാർ ചില പ്രാരംഭനടപടികൾ എടുത്തിട്ടുള്ളതായും എനിക്കു് അറിവാൻ കഴിഞ്ഞു. ഇങ്ങനെ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുള്ള സംഗതി ബഹു. മന്ത്രിമാർക്കും ഗവൺമെണ്ടിനും അറിവുള്ള സ്ഥിതിക്കു് ആ കമ്മിറ്റി ഒരു ബിൽ അവതരിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ എന്നു ആരാ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Easwara Pillai]

യുകപോലും ചെയ്യാതെ ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതിന്റെ അ ർത്ഥം എനിക്ക് മനസ്സിലാകുന്നില്ല. ഇപ്പോൾ തിരുവിതാംകൂറിലും കൊച്ചി യിലും നിലവിലിരിക്കുന്ന കൊ-ഓപ്പറേറ്റീവ് ആക്റ്റുകളും സംയോജിപ്പിക്ക ണമെന്നാണ് ഉദ്ദേശമെങ്കിൽ ആ നിയമങ്ങളും തമ്മിൽ വലിയ വ്യത്യാസമി ല്ലാത്ത സ്ഥിതിക്ക് അതിൽ ഏതെങ്കിലും ഒന്ന് തല്ക്കാലം സ്വീകരിച്ചുകൊണ്ട് ഒരു ക്ലാസ്സ് മാത്രം ഉള്ള ഒരു ബിൽ അവതരിപ്പിച്ചു പാസ്സാക്കിയാൽ മതിയാ യിരുന്നു. ദീർഘമായ വാദപ്രതിവാദത്തിനും സെലക്റ്റ് കമ്മിറ്റിയിൽ പോ കുന്നതിനും സഹകാരികളുടേയും പൊതുജനങ്ങളുടേയും ഇടയിൽ അഭിപ്രായ വ്യത്യാസം വളരുന്നതിനു ഇടയുള്ളതും, കാലാനുസൃതമായ പരിഷ്കാരങ്ങളും ഉൾ ക്കൊള്ളാത്തതും ആയി ഈ ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കേണ്ടതാ യിരുന്നു.

ശ്രീമാൻ ഗംഗാധരൻ ഒരു സോഷ്യലിസ്റ്റും പ്രസിദ്ധ സഹകാരിയുമാ ണ്. എങ്കിലും അദ്ദേഹത്തിന്റെ രണ്ടനുഭവത്തോട് എനിക്ക് വി യോജിക്കേണ്ടിയിരിക്കുന്നു. ക്ലിപ്തസഹിതമായ സംഘങ്ങളും സ്ഥാപിക്കുന്നത് ഈ പ്രസ്ഥാനത്തിനു ദോഷകരമാണെന്നു സാധാരണക്കാരെ മാത്രമെ സംഘങ്ങ ളിൽ ചെക്കാവു എന്നും ആണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇതുതാത്വീക മായും പ്രായോഗികമായും ശരിയല്ല. ബാദ്ധ്യതകളും ക്ലിപ്തമില്ലാത്ത സംഘങ്ങളും ഈ സ്റ്റേറ്റിൽ ആവിർഭവിക്കുകയും അതു ക്രമേണ സാധാരണജനങ്ങളുടെ അ നുഭവത്തിൽ പ്രായോഗികമല്ലെന്ന് ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി പലതും ലിക്വിഡേറ്റ ചെയ്യുകയും ബാക്കിയുള്ളവ ക്ലിപ്തസഹിത സംഘങ്ങളായി പരി വർത്തനം ചെയ്യുകയുമാണ് ഉണ്ടായതു്. ഇന്ന് ലോകത്തിൽ എവിടെയും ലിമി റ്റഡ് സംഘങ്ങളാണ് സ്ഥാപിച്ചിരിക്കുന്നതു്. ക്ലിപ്തരഹിതമായ സംഘങ്ങൾ സ്ഥാപിച്ചാൽ കുറച്ചു സൗകര്യമുള്ള ആളുകൾക്ക് അതിൽ ചേരുന്നതിനുള്ള ആ ഗ്രഹമുണ്ടാകുകയില്ല. അതിനാൽ ക്ലിപ്തസഹിതസംഘങ്ങളാണ് നമുക്ക് ആവ ശ്യമുള്ളതു്.

മുകളിൽ പറഞ്ഞതുകൂടാതെ ഈ ആക്ടിൽ പല പോരായ്മകളും ഉണ്ടു്. ഇന്ന് കാർഷികസംഘങ്ങളും വിവിധോദ്ദേശസംഘങ്ങളും, ഭവനനിർമ്മാണ സംഘങ്ങളും മുതലായ സംഘങ്ങളും ഉണ്ടാക്കുന്നതിനു് വ്യവസ്ഥയില്ല. ഈ ബില്ലിൽ സൊ സൈറ്റിയുടെ നിർവചനമേ നൽകിയിട്ടുള്ളു. നമുക്കു അനവധി പുതിയതരം സംഘങ്ങളും സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഇതിനു ഒന്നും വ്യവസ്ഥയില്ലാത്തതും അപര്യാപ്തവുമായ ഈ ബിൽ പിൻവലിച്ചിട്ട് ആവശ്യമുള്ള എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തി ഒരു ബിൽ കൊണ്ടുവരികയോ അല്ലാത്തപക്ഷം ഈ ബില്ലിൽ സ മൂലമായ പരിവർത്തനം വരുത്തുന്നതിനു് സെലക്ട് കമ്മിറ്റിക്ക് അധികാരം കൊടുത്തു് ഈ ബില്ലിൽ ആവശ്യമുള്ള ഭേദഗതികളും വരുത്തി പാസ്സാക്കുകയൊ ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഈ സഹകരണ ബില്ലിന്റെ ഉദയ ത്തെ നോക്കിക്കൊണ്ടിരുന്നവരിൽ ഒരുവനാണ് ഞാനും. അതുകൊണ്ട് ഈ ബില്ലിനെ പിൻതാങ്ങുന്നതിനു് എനിക്ക് വളരെ സന്തോഷമുണ്ടു്. പക്ഷെ ഈ ബിൽ വന്ന ഉടനെ കണ്ട സന്തോഷമനോഭാവത്തെക്കാൾ സന്താപമാണുണ്ടായ തെന്നു് പറയാതിരിക്കുവാൻ നിവർത്തിയില്ല.

ഇന്നു് ലോകം രണ്ടുചേരികളായി തിരിഞ്ഞിരിക്കുന്നു എന്നു് എല്ലാവ ർക്കും അറിയാം. കമ്യൂണിസമെന്നും കമ്മ്യൂണിസമെന്നും രണ്ടു ചേരികളായി തിരിഞ്ഞിരിക്കുന്നു. എന്നാൽ വേറെ ഒരു ചേരിസഹകരണാടിസ്ഥാനത്തിൽ ഉ

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. ഇന്നു് അതിനു വലിയ പ്രാധാന്യമാണുള്ളതു് എന്നു് എല്ലാവർക്കുമറിയാം. ഈ ചേരികളിൽ സഹകരണാടിസ്ഥാനത്തിലുള്ള ചേരിയിലാണു് ഇൻഡ്യാ ചേരേണ്ടതെന്നാണു് ഇന്നു് ഇൻഡ്യാഗവണ്മെൻറു് തീരുമാനിച്ചിട്ടുള്ളതു് എന്നുള്ള സംഗതിയും ഇതിനകം എല്ലാവർക്കും അറിയാവുന്നതാണു്. അതനുസരിച്ചു് ഈ സ്റ്റേറും ഇതിനുവേണ്ടതു പ്രോൽസാഹനവും പരിഗണനയും നൽകുമെന്നും പ്രതീക്ഷിച്ചിരുന്നു. പക്ഷെ നമ്മുടെ മുമ്പിലിരിക്കുന്ന ബില്ലുനോക്കിയാൽ അതിനുള്ള വക നൽകുന്നില്ലാ എന്നുള്ളസംഗതി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന രണ്ടു മൂന്നു രാജ്യങ്ങളുടെ സ്ഥിതിയെപ്പറ്റി ഞാൻ വായിച്ചിട്ടുണ്ടു്. അതിൽ പറയുന്നതുപോലെ റഷ്യാ, നാർവേ, സ്വീഡൻ, ഡന്മാർക്കു് ഈ ഗവണ്മെൻറുകളുടെ പ്രവർത്തന പദ്ധതിയെപ്പറ്റി നോക്കുമ്പോൾ നൂറു വർഷം കൊണ്ടു് വളരെ ഉന്നതമായ ഒരു നിലയിൽ അവർക്കു് എത്തിച്ചേരുവാൻ സാധിച്ചു എന്നു കാണാവുന്നതാണു്. രണ്ടു ലോകമഹായുദ്ധങ്ങളെ അതിജീവിച്ചിട്ടുള്ള ഒരു പ്രസ്ഥാനമാണു് സഹകരണ പ്രസ്ഥാനം. ഇന്നു് ഇവിടെ സാധാരണയായി കണ്ടുവരുന്നതു് വെറും പ്രാഫിറ്റിനുവേണ്ടി നടത്തുന്ന ഏതാനും കോവാപ്പറേറീവു് സൊസൈറ്റീസു് മാത്രമാണു്. ആ അടിസ്ഥാനത്തിൽതന്നെ തുടർന്നുകൊണ്ടുപോകുന്നതിനു് സഹായകമാകത്തക്കവണ്ണമുള്ള ഒരു ബില്ലാണു് ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. എന്നാൽ അതു നമ്മുടെ പ്രതീക്ഷക്കു് ഒട്ടും അനുകൂലമല്ല. ഇന്നു് നമുക്കു് വിപ്ലവകരമായ അല്ലെങ്കിൽ രക്തപങ്കിലമായ ഒരു വിപ്ലവം കൂടാതെ ഇന്നത്തെ സ്ഥിതിഗതികൾക്കു് ഒരു മാറ്റം വരുത്തുന്നതിനു് ഏറ്റവും പറ്റിയ ഒരു മാർഗ്ഗം സഹകരണമാണെന്നു് ഈ ഗവണ്മെൻറിനും അറിവുള്ളതാണു്. നിലവിലിരിക്കുന്ന ഇൻറർ നാഷണൽഫഡു് അസോസ്യേഷനുംമറ്റനേകം സാമ്പത്തിക സംഘടനകളും അവയുടെ എല്ലാം പ്രവർത്തനം സഹകരണാടിസ്ഥാനത്തിൽതന്നെ മുമ്പോട്ടു കൊണ്ടുപോകണമെന്നും അല്ലെങ്കിൽ കാര്യങ്ങൾ ശരിയാകുകയില്ലെന്നും പറയുന്നു. അതുകൊണ്ടാണു് സഹകരണ സംബന്ധമായി അതിനുതകത്തക്കവണ്ണമുള്ള ഒരു ബില്ലായിരിക്കണം ഇവിടെയും നടപ്പാക്കേണ്ടതെന്നു ഞാൻ പറയുന്നതു്. എന്നാൽ ഇന്നിവിടെകൊണ്ടുവന്നിരിക്കുന്ന സഹകരണബിൽ ഒരു ചട്ടക്കൂടുമാത്രമേയുള്ളു. ആ ചട്ടക്കൂടു് ശരിയല്ലെങ്കിൽ അവയുടെ ബൈലാ ശരിയായിരിക്കുകയില്ല. അപ്പോൾ ജനങ്ങൾക്കാവശ്യമായ ഒരു സഹകരണപ്രസ്ഥാനം ഉണ്ടാകുകയില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

സർ, ഞാൻ പറയുന്നതു് തിരുവിതാംകൂറിലും കൊച്ചിയിലുമുള്ളതു രണ്ടും പഴയ ബില്ലുകളാണു്. യഥാർത്ഥത്തിൽ അതു സഹകരണാടിസ്ഥാനത്തിൽ അതായതു ഇപ്പോഴത്തെ പുതിയ അടിസ്ഥാനത്തിൽ പ്രവർത്തനം നടത്തുന്നതിനു തകുന്നതല്ല. തിരുവിതാംകൂറിലാണെങ്കിൽ ആദ്യത്തെ ബിൽ ഫ്രാഡ്വൻ-ലും രണ്ടാമത്തേതു് ഫ്രാഡ്വൻലും ആണു് ഉണ്ടായിട്ടുള്ളതു്. അന്നു് ദേവധാർ കമ്മിറ്റി വളരെ കാര്യങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചു് തയാറാക്കിയ ആ ബിൽ ഒരു ഏകാധിപത്യത്തിൻറെ കീഴിൽ ഉദ്യോഗസ്ഥന്മാർ ഇതിനെ ഭരിക്കണമെന്നുള്ള അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളതാണു്. എന്നാൽ ഇപ്പോഴും അതുവളരെ പുരോഗമനപരമായിരിക്കുന്നു എന്നു പറയാൻ നിവർത്തിയില്ല. എൻറെ അറിവു് ശരിയാണെങ്കിൽ കൊച്ചിയിലെ ബില്ലും ഇതുപോലെതന്നെ. ചത്ത രണ്ടു വസ്തുക്കളെ എടുത്തുകൂട്ടിച്ചേർത്താൽ ഒരിക്കലും ശരിയാകുകയില്ല. ഇതുപോലെതന്നെ വേറെ ബില്ലുകളും. അതിനും എനിക്കു് ഏതാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനുണ്ടായിരുന്നു. അതിനു് സൌകര്യം കിട്ടിയില്ല. അതുപോലെതന്നെ ഈ ബില്ലിൻറെ പ്രവർത്തനവും ശരിയായിവരത്തക്ക ഒരു ചട്ടക്കൂടല്ല

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. K. Chellappan Pillai]

ഇതിലുള്ളതു്. ഇങ്ങനെ ഒരു പിശകു പറ്റിയതു എന്താണെന്നുവച്ചാൽ ഗവ മ്മെൻറുമാത്രം ഇരുന്ന ഒരു നിയമം ഉണ്ടാക്കിയാൽ മതി എന്നു വിചാരിച്ചതു കൊണ്ടാണു്. ഇവിടത്തെ സഹകരണബില്ലിൽ എന്തു പിശകുകൾ ഉണ്ടെന്നുള്ളതിനെപ്പറ്റി നെയ്യാറ്റിങ്കര കാൺഗ്രൻസിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. അതു പരിഷ്ക്കരിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റി അവർ ഏകകണ്ഠമായി പ്രമേയങ്ങൾ പാസ്സാക്കുകയും പ്രാരംഭനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി നാം അറിഞ്ഞിട്ടുണ്ടു്. അതുമാത്രമല്ല, പ്രസ്തുതസഹകാരികളും വളരെ തഴക്കവും പഴക്കവുമുള്ളവരുമായ തൊഴികൾ ഉൾക്കൊണ്ട ഒരു കാൺഗ്രൻസായിരുന്നു അതു്. അതിനും പുറമെ ഇതുസംബന്ധമായി നല്ല പ്രവർത്തനശേഷിയുള്ള സംഘടനകളും സഹകാരികളും നമ്മിടെയുണ്ടു്. കൊച്ചിയിലുമുണ്ടു്. മി. തമ്പി പറഞ്ഞതുപോലെ സഹകാരികളെല്ലാം കള്ളന്മാരോ കൊള്ളരുതാത്തവരൊ അല്ല. രണ്ടു പ്രദേശത്തും നല്ലയാളുകളുണ്ടു്.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: ലക്ഷം മാനുഷർ കൂടുന്നിടത്തു ലക്ഷണമുള്ളവർ ഒന്നോരണ്ടോ മാത്രമെ കാണുകയുള്ളു എന്നറിയാമോ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതുകൊണ്ടു് ഞാൻ പറയുന്നതു ഇപ്പോൾ ഈ ബിൽ അതുപോലെ നിൽക്കട്ടെ. ഈ ബില്ല സെലക്ട്കമ്മിറ്റിക്കു് അയയ്ക്കുകയല്ല വേണ്ടതു്. അതിനുമുൻപു എല്ലാവരുടെയും, എല്ലാ സഹകാരികളുടെയും തെളിവു് എടുത്തു അതിനു് വിധേയമായി പിശകുകൾ വേണ്ടതു പരിഹരിച്ചു് വേണ്ട പ്രസിദ്ധീകരണം കൊടുത്തുമാത്രമെ ശരിയായ ഒരു ബിൽ ഉണ്ടാക്കാവു എന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Sri. P. Balakrishnan Tampi: Is the hon'ble member aware that all these criticisms and these opinions may be communicated to the Select Committee? Is it the hon'ble member's opinion that there should be a non-official private man's Committee before the Bill is introduced by Government here?

ശ്രീ കെ. കെ. ചെല്ലപ്പൻപിള്ള: അതുകൊണ്ടു വേണ്ടതു പൊതുജനാഭിപ്രായമനുസരിച്ചു് ഈ ബിൽ പാസാക്കിയില്ലെങ്കിൽ അതു ശരിയായിരിക്കയില്ല.

ശ്രീ. ഇട്ടീര അയ്യക്കൻ: പാർട്ടിയിലെ ഒരംഗത്തിനു പാർട്ടിഗവൺമെൻറു കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലിനെസംബന്ധിച്ചു് ഇങ്ങനെ പ്രസംഗിക്കാമോ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇതൊരഭിപ്രായമാണു്. അതുകൊണ്ടു പാർട്ടിയിലുള്ള അംഗത്തിനു് അങ്ങനെ പ്രസംഗിക്കാം. അതുകൊണ്ടു പൊതുജനാഭിപ്രായം അറിഞ്ഞതിനുശേഷം ഈ ബിൽ പാസാക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ഇൻഡ്യാഗവൺമെൻറിൻെറ കോവാപ്പറേറ്റിവു നാഷനൽ പ്ലാനിംഗ്കമ്മിറ്റിതന്നെ ഈ പ്രശ്നം നല്ലവണ്ണം പഠിച്ചു.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: പ്രസംഗം കഴിഞ്ഞു ഇരുന്നതിനുശേഷം പിന്നെയും എണീറ്റു പ്രസംഗിക്കാമോ?

മിസ്റ്റർ സ്പീക്കർ: ചോദ്യത്തിനു പ്രസംഗരൂപത്തിൽ മെമ്പർ ഉത്തരം പറയുകയായിരുന്നു. അനുവാദത്തോടുകൂടി അങ്ങിനെ ചെയ്യുന്നതിൽ തെറ്റില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ഈ ബിൽ സംപൂർണ്ണമായി മാറ്റണമെന്നാണു്. ഉദ്യോഗസ്ഥന്മാർമാത്രം ചേർന്നാണു് ഈ ബിൽ സംയോജിപ്പിച്ചിട്ടുള്ളതു്.

സർ, ഈ നാഷനൽപ്ലാനിംഗ് കമ്മിറ്റിയുടെ അഭിപ്രായം പറയുന്നപക്ഷം ഇതു് അനുദ്യോഗസ്ഥക്കമ്മിറ്റിയംഗങ്ങളുടെ കയ്യിൽ അനുക്രമമായി വിട്ടു

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു, അവരുടെ പ്രധാനമായ ഉത്തരവാദിത്വത്തിൽ അവരുടെതന്നെ ആ കണമെന്നാണു് പറയുന്നതു്. ജനായത്തഭരണസംപ്രദായംതന്നെ അങ്ങനെയാണു്. സഹകരണാടിസ്ഥാനത്തിൽ ഇതിനെ ഒരു നോൺ അഫീഷ്യൽ സംഘടനയാക്കുന്നതിനു പകരം ഈ ബിൽ ഉദ്ദേശിച്ചിട്ടുള്ളതു കൂടുതൽ അഫിഷ്യൽ കൺട്രോൾ വേണമെന്നുള്ളതാണു്.

ഇനി രണ്ടാം സെക്ഷൻ അനുസരിച്ചു സൂപ്പർസെഷനെപ്പറ്റി പറയുകയാണെങ്കിൽ ബോംബയിൽ മി. വി. എൽ. മേത്തയാണ (മി. ഡാമൽദാസിന്റെ മകൻ) ഫാക്ടറീസ് ഈ സഹകരണബില്ലിൽ ഉണ്ടാക്കിയതു്. ആ ബില്ലിൽ സൂപ്പർസെഷൻ എന്നൊരു വകുപ്പേയില്ല. അതു പരിപൂർണ്ണമായും ഒരു അനുദ്യോഗസ്ഥ സ്ഥാപനമായിരുന്നു. എന്നാൽ ഇപ്പോൾ സൂപ്പർസെഷൻ ഇവിടെ സഫീകരിച്ചിരിക്കുന്നു.

ഇനി എനിക്കു പറയാനുള്ളതു രണ്ടാം സെക്ഷൻ അനുസരിച്ചുള്ള സർചാർജിനെപ്പറ്റിയാണു്. അതായതു് ഏതെങ്കിലും ഒരു മെംബർ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം മറ്റുള്ളവർ വഹിക്കണ്ടിവരത്തക്കവണ്ണമാണു് അധികാരം കൊടുത്തിരിക്കുന്നതു്. അതു ശരിയല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ നാക്ഷണൽപ്ലാനിംഗ് പദ്ധതി അനുസരിച്ചു് ഈ ബില്ലു് രൂപാന്തരപ്പെടുത്തിയാൽമതിയെന്ന അഭിപ്രായമുണ്ടോ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇവിടത്തെ സ്ഥിതിക്കനുസരിച്ചു് എല്ലാ കാര്യങ്ങളും ചർച്ചചെയ്യുന്നതു നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം.

വേറെ ഒരുകാര്യംകൂടി പറഞ്ഞിട്ടു് അവസാനിപ്പിച്ചുകൊള്ളാം. അതായതു ജനാഭിപ്രായങ്ങൾ അറിഞ്ഞിട്ടവേണം ഈമാതിരി പ്രവർത്തനങ്ങൾ മുൻപോട്ടുകൊണ്ടുപോകുവാൻ. ഇപ്പോഴത്തെ സഹകരണപ്രവർത്തനങ്ങളെപ്പറ്റി ഞാൻ മനസിലാക്കിയിരിക്കുന്നതുകൊണ്ടാണു് ഇത്രയും പറയാൻ ഇടയായതു്. നിലവിലിരിക്കുന്ന ബില്ലിൽ പ്രധാനമായി പണം കടംകൊടുക്കുന്നതിനെ സംബന്ധിച്ചുള്ള നിയമമാണു് ഉൾക്കൊള്ളിച്ചിരിക്കുന്നതു്. നേരമറിഞ്ഞു് ഇന്നു മിഡ്ടിപർപ്പസസ് കോവപ്പറേറീവു് സൊസൈറ്റീസ് ആണു് ആവശ്യം. ആമാതിരി പ്രവർത്തനങ്ങൾക്കു പ്രോത്സാഹനം കൊടുക്കത്തക്കവിധത്തിലുള്ള ചട്ടക്കൂടു് ഉണ്ടാക്കേണ്ടതാണു്. ഇപ്പോഴത്തെ പുരോഗമനപരമായ ആശയം അനുസരിച്ചു് ബില്ലു കൊണ്ടുപോകത്തക്കവണ്ണം ഒരു പ്രസിദ്ധീകരണം കൊടുക്കുകയും സെലക്ടുകമ്മിറ്റിയിൽ ആവശ്യമായ ചർച്ചകൾ നടത്തണമെന്നു് അഭിപ്രായപ്പെടുകയും ചെയ്തുകൊണ്ടു ബില്ലിനെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

Sri. A. P. Udayabhanu: I cannot speak on the subject with such personal knowledge, as the gentlemen, who preceded me, have claimed. As far as I can see, this act has embodied in itself most of the suggestions in the pamplets before me.

The House rose for lunch at 1 p.m. and reassembled at 2 p.m. with Mr. Speaker in the Chair.

ശ്രീ. എ. പി. ഉദയഭാനു: ഞാൻ പറഞ്ഞതു എനിക്കു് മുമ്പു പ്രസംഗിച്ച സ്നേഹിതന്മാരുടെ അനുഭവജ്ഞാനത്തോടുകൂടി ഈ വിഷയത്തെപ്പറ്റി എനിക്കു് സംസാരിക്കാൻ സാധ്യമല്ലെന്നാണു്. സഹകരണപ്രസ്ഥാനത്തിനു അകത്തു പ്രവേശിച്ചു് പ്രവർത്തിക്കാത്ത ഞാൻ പുറത്തുനിന്നു് കണ്ടറിഞ്ഞതായ കാര്യങ്ങളും വച്ചുകൊണ്ടു് സഹകരണപ്രസ്ഥാനത്തെപ്പറ്റി ചില അഭിപ്രായങ്ങളും പറയുവാനാണു് ഒരുങ്ങുന്നതു്. പുറത്തുനിന്നുകൊണ്ടു് പ്രസ്ഥാനത്തെ വീക്ഷിച്ചിട്ടുള്ള എനിക്കു് സിദ്ധിച്ച അറിവിന്റെ വെളിച്ചത്തിലും ഈ നിയമത്തെ ആസ്പ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. P. Udayabhanu]

ദമാക്കി എനിക്ക് ചിന്തിക്കാൻ സാധിച്ചിട്ടുള്ളിടത്തോളവും ചില അഭിപ്രായങ്ങൾ സഭയുടെമുമ്പാകെ വയ്ക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഈബില്‍ മിക്കവാറും നമ്മടെ അടുത്തുള്ള മറവസംസ്ഥാനങ്ങളിലെ സഹകരണനിയമങ്ങളെ എല്ലാം ചർച്ചചെയ്ത അതിൽനിന്ന സംഗതമായ ഭാഗങ്ങളെ ക്രോഡീകരിച്ച് ഉണ്ടാക്കിയിട്ടുള്ള ഒന്നാണെന്നാണ് എനിക്ക് മനസിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ചിലഭാഗങ്ങളിൽ ബാംബെയിലേയും ചിലഭാഗങ്ങളിൽ മദ്രാസിലേയും നിയമങ്ങളെ ആശ്രയിച്ചാണ് പ്രധാനമായും ഈ ബിൽ രൂപീകരിച്ചിരിക്കുന്നത്. ഗവണ്മെൻറിന്റെ സൂപ്പർസീഡ് ചെയ്യുന്നതിനുള്ള അധികാരം ബാംബെആക്ടിൽ കൊടുത്തിട്ടില്ലെങ്കിലും മദ്രാസ് ആക്ടിൽ കൊടുത്തിട്ടുണ്ട്. ഫൻ ർ ന്ു ൽ കൊവാപ്പറേറീവ് പ്ലാനിംഗ് കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്കുടി നടപ്പിൽവരുത്തണം എന്നുള്ള ഉദ്ദേശത്തെ മുൻനിറുത്തി ഉണ്ടാക്കിയിട്ടുള്ള പല വ്യവസ്ഥകളും ഇതിനകത്തു ക്രോഡീകരിച്ച് കാണുന്നുണ്ട്. എന്നാൽ ആറിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാകാര്യങ്ങളും ഈ ബില്ലിൽ ക്രോഡീകരിച്ചിട്ടുണ്ട് എന്നു ഞാൻ സമ്മതിക്കുന്നില്ല. ഈ ബില്ലിന്റെ പ്രയോക്താക്കൾ സഹകരണ പ്രസ്ഥാനം വളരെ വിപുലമായി രാജ്യവ്യാപകമായ ഒരു പ്രസ്ഥാനമായി തീരുന്ന ഒന്നായി അതിനെ വിഭാവനംചെയ്തിട്ടുണ്ടോ എന്നു സംശയമാണ്. ഒരു സഹകരണസംഘത്തിൽ ചുരുങ്ങിയതു ൧൦ അംഗങ്ങൾ വേണമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ പതിനായിരകണക്കിനു അംഗങ്ങളുണ്ടാകാവുന്ന സഹകരണസംഘങ്ങൾ ഈ ബില്ലുണ്ടാക്കിയവരുടെ ഭാവനയിലുണ്ടോ എന്നു സംശയിക്കേണ്ടിരിക്കുന്നു. എന്തെന്നാൽ അങ്ങിനെയുള്ള സൊസൈറ്റികളിൽ വ്യക്തികളായ അംഗങ്ങൾചേർന്നു ജനറൽബാഡിക്കൂടി തീരുമാനങ്ങളെടുക്കത്തക്കവിധത്തിലുള്ള ഒരു നടപടിക്രമം സ്വീകരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് പ്ലാനിംഗ്കമ്മിറ്റി പ്രാദേശികമായ അടിസ്ഥാനത്തിൽ പ്രതിനിധികളെ അയച്ച് അവരുടെ ജനറൽബാഡിക്കൂടി തീരുമാനങ്ങളെടുക്കാനുള്ള വ്യവസ്ഥവേണമെന്നു നിർദ്ദേശിച്ചിട്ടുള്ളത്. അങ്ങിനെ ഒരു വ്യവസ്ഥഇല്ലെങ്കിൽ അനേകായിരം അംഗങ്ങളുള്ള ഒരു സഹകരണസംഘം രൂപീകരിക്കുന്നതിനും അതിന്റെ ജനറൽബാഡി കൂടുന്നതിനും വിഘാതമുണ്ടാകുന്നതാണ്. അതുപോലെതന്നെ സഹകരണസംഘങ്ങളെസംബന്ധിച്ചിടത്തോളം അതിന്റെ സാമ്പത്തികമായ സുസ്ഥിതിക്കുവേണ്ടിയും മറ്റും ചില പ്രത്യേക ആനുകൂല്യങ്ങളും ചെയ്തുകൊടുക്കേണ്ടതായിട്ടുണ്ട്. അംഗങ്ങൾക്കു പണം കടം കൊടുക്കുമ്പോൾ, സാധാരണ വസ്തു കൈമാറ്റംനടത്തുന്നതുപോലെ അതിനുവേണ്ട ഫീസടക്കി രജിസ്ട്രാർ മുഖാന്തിരം രജിസ്റ്റർചെയ്തുകൊടുക്കുന്ന സമ്പ്രദായത്തിലുള്ള ഒരു നടപടിസ്വീകരിക്കാതെ കടംകൊടുക്കുന്ന അംഗം അയാളുടെ വസ്തുക്കളുടെ ഒരുപട്ടിക സംഘത്തിനു സമർപ്പിച്ച് അയാളുടെ ബാദ്ധ്യതകൾക്കു ആ വസ്തുക്കൾ ഉത്തരവാദിത്വം വഹിക്കുമെന്നു ഉറപ്പുനൽകിയാൽ മതിയാകുമെന്നു വ്യവസ്ഥചെയ്യണമെന്നു ആ സഹകരണപ്ലാനിംഗ്കമ്മിറ്റിയുടെ റിപ്പോർട്ടിൽ കാണുന്നുണ്ട്. അതുപോലെതന്നെ ആർബിട്രേഷനവിട്ടാൽ അവാർഡുണ്ടാകുന്നതിനു മുമ്പുതന്നെ വസ്തു ജപ്തിചെയ്യുന്നതിനുള്ളഅധികാരവും രജിസ്ട്രാക്കു ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണ്. അവാർഡുണ്ടായതിനുശേഷം വസ്തു കൈമാറ്റംചെയ്യാൻപാടില്ല എന്ന വ്യവസ്ഥയെ ഈ ബില്ലിലുള്ളൂ. നേരേമറിച്ച് ആർബിട്രേഷനവിട്ടാൽ ഒരു റിവക്കിട്ടുന്നതിനു മുമ്പുള്ള കാര്യത്തെപ്പറ്റി യാതൊരു വ്യവസ്ഥയും ഈബില്ലിൽ കാണുന്നില്ല. അങ്ങിനെ വരുന്നതുകൊണ്ട് ആർബിട്രേഷൻനടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ വസ്തു കൈമാറ്റംചെയ്യാൻ സഭകയ്യും സിദ്ധിക്കുന്നുണ്ട്. മ

LIBRARY ARCHIVES Kerala Legislative Assembly

റൊരുസംഗതി എനിക്ക് മൂണ്ടിക്കാണിക്കുവാനുള്ളതു് ആർബിട്രേഷൻ അവാർഡിന്മേൽ അപ്പീലധികാരം നൽകിയിരിക്കുന്നതു ഈ ബില്ലനുസരിച്ചു രജിസ്ട്രാക്കാണെന്നുള്ളതാണു്. എന്നാൽ ബാംബെ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നമാതിരി അതിനു് ഒരു ട്രിബ്യൂണൽ ഉണ്ടാക്കുന്നതു കൂടുതൽ ആശാസ്യമായിരിക്കും എന്നാണു് എനിക്കു് തോന്നുന്നതു്. ആർബിട്രേഷൻ ആവാർഡിന്മേൽ നീതിന്യായകോടതികൾക്കു് അപ്പീലധികാരം ഇല്ല. ആ സ്ഥിതിക്കു് ആർബിട്രേഷന്റെ തീരുമാനത്തിന്മേൽ അപ്പീൽകൊടുത്താൽ അതും കേവലം ഡിപ്പാർട്ടുമെൻറലായിട്ടതന്നെ ഒരൊറ്റയാളുടെ അവസാന തീരുമാനത്തിനു് വിടുക എന്നുള്ളതു് അത്ര ശരിയായ ഒരു സമ്പ്രദായമാണെന്നു് എനിക്കു് തോന്നുന്നില്ല. അതുകൊണ്ടു് ഡിപ്പാർട്ടുമെൻറലായിട്ടു് ഒരൊറ്റയാളുടെ സ്വേച്ഛാപരമായ തീരുമാനത്തിനു് വിടാതെയും, അതേയവസരത്തിൽതന്നെ നീതിന്യായ കോടതികളിൽകൊണ്ടുപോയി അനാവശ്യമായ കാലവിളംബമുണ്ടാക്കാതെയും, ഒരു മദ്ധ്യമാർഗ്ഗം എന്നനിലയിൽ അതിനുവേണ്ടി ഒരു ട്രിബ്യൂണലിനെ വയ്ക്കുന്നതായിരിക്കും ഉത്തമം എന്നു് എനിക്കു് തോന്നുന്നു.

രജിസ്ട്രാരുടെ സൂപ്പർസീഷൻ അധികാരത്തെസംബന്ധിച്ചും എനിക്കു് ഒരു കാര്യം പറയാനുണ്ടു്. രജിസ്ട്രാരുടെമാത്രം സ്വേച്ഛക്കു് വിടാതെ അതിനും ഒരു കപാസിജുഡീഷ്യൽ കമ്മറിയെ ഏല്പിക്കുന്നതു നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. രജിസ്ട്രാർമാത്രം അദ്ദേഹത്തിന്റെ ഇഷ്ടാനുസരണം ഒരു നടപടി എടുക്കുന്നതിനേക്കാൾ തീർച്ചയായും അക്കാര്യം ഒരു കമ്മിറിക്കു് വിടുകയാണെങ്കിൽ കൂടുതൽ നിഷ്പക്ഷമായും ന്യായമായും ആശാസ്യമായും ഒരു തീരുമാനം ഉണ്ടാക്കുന്നതിനു് സാധിക്കുന്നതാണു്. അതുകൊണ്ടു് അതിനുവേണ്ടിയും ഒരു പ്രത്യേകബാഡി ഉണ്ടാക്കുന്നതു നല്ലതാണെന്നു് എനിക്കു് തോന്നുന്നു. മദ്രാസ് ആക്ടിലും അതിനു വ്യവസ്ഥചെയ്തിട്ടുണ്ടെന്നാണു് എന്റെ അറിവു്. നമ്മുടെനാട്ടിൽ ഇന്നു നിലവിലിരിക്കുന്ന പല പരിതസ്ഥിതികൾകൊണ്ടും സഹകരണപ്രസ്ഥാനം നാം ആഗ്രഹിക്കുന്നതുപോലെ വികസിക്കുന്നതിനു് സാധ്യമല്ലാതാണിരിക്കുന്നതു്. നമ്മുടെ പ്രത്യേകതരത്തിലുള്ള സാമൂഹ്യവ്യവസ്ഥിതിയാണു് അതിന്റെ മുഖ്യകാരണങ്ങളിൽ ഒന്നു്. ജാതീയമായും മതപരമായുംമറ്റും വ്യക്തികൾതമ്മിലുള്ള അകൽച്ചയാണു് സഹകരണപ്രസ്ഥാനം നാം ആഗ്രഹിക്കുന്നവിധത്തിൽ വികസിച്ചുവരുന്നതിനു് പ്രധാനമായുള്ള പ്രതിബന്ധം. സങ്കുചിതമായ ഒരു പരിധിക്കകത്തുനിന്നുകൊണ്ടാണു് നമ്മുടെനാട്ടിലെ സഹകരണപ്രസ്ഥാനം പ്രവർത്തിക്കുന്നതു്. സ്വാർത്ഥംമാത്രം മുൻനിറുത്തി പ്രവർത്തിക്കാതെ, സഹകരണപ്രസ്ഥാനത്തിന്റെ മൗലികമായ ആദർശങ്ങളെമാത്രം മുൻനിറുത്തി പ്രവർത്തിക്കുന്ന വളരെയധികം വ്യക്തികളെ നമുക്കു് സഹകരണപ്രസ്ഥാനത്തിലേക്കു് ആകർഷിക്കാൻ സാധിച്ചിട്ടില്ല. തന്മൂലം പലസ്ഥലങ്ങളിലും സഹകരണപ്രസ്ഥാനം ഒരു പരാജയമായിട്ടുണ്ടെന്നു മാത്രമല്ല ജനങ്ങൾക്കു് പ്രസ്ഥാനത്തിലുള്ള വിശ്വാസം വളരെ നശിച്ചുപോയിട്ടുമുണ്ടു്. ഈ പരിതസ്ഥിതികളിൽ സൂപ്പർസീഷനു് ഉള്ളവ്യവസ്ഥ പാടേ എടുത്തുകളയണമെന്നു് വാദിക്കുന്നതിനോടു യോജിക്കാൻ നിവൃത്തിയില്ല. സഹകരണപ്രസ്ഥാനത്തിൽ വന്നിട്ടുള്ളവരുടെമേൽ ഒരു നിയന്ത്രണം ചെലുത്തേണ്ടതു ഇന്നത്തെപരിതസ്ഥിതികളിൽ അത്യാവശ്യമാണു്. അതുകൊണ്ടാണു്, സൂപ്പർസീഡുചെയ്യുന്നതിനുള്ള അധികാരം ഒരുതരത്തിൽ ജനകീയതത്വങ്ങൾക്കും അഭിനവചിന്താഗതികൾക്കും വിപരീതമാണെങ്കിലും, പാടേ ഉപേക്ഷിക്കാൻ നിവൃത്തിയില്ലെന്നു ഞാൻ പറയുന്നതു്. എന്നാൽ അതേസമയംതന്നെ ആ അധികാരം രജിസ്ട്രാരുടെമാത്രം സ്വേച്ഛക്കു് വിട്ടുകൊടുക്കുന്നതു ശരിയല്ലെന്നും എനിക്കു് അഭിപ്രാ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. P. Udayabhanu]

യമുണ്ട്. അതുകൊണ്ട് അതിനും ഞാൻ മുമ്പു പറഞ്ഞതുപോലെ ഒരു മജ്യു മാർഗ്ഗമെന്നനിലയിൽ ഒരു കോസിജുഡീഷ്യൽകമ്മറിയെ നിയമിക്കുന്നതു നന്നായിരിക്കും.

മറെറാരുകാര്യവും എനിക്ക് പറയാനുണ്ട്. അതിനെസംബന്ധിച്ചിടത്തോളം ഈ സഭയുടെ അഭിപ്രായം എന്താണെന്നറിയുവാൻ എനിക്ക് ഉൽക്കണ്ഠയുണ്ട്. അതായതു് സഹകരണപ്രസ്ഥാനത്തിൽ യാതൊരുവിധമായ ബാഹ്യപ്രേരണയും, നിർബന്ധബുദ്ധിയും, ബലപ്രയോഗവും പാടില്ലെന്നാണ് വച്ചിരിക്കുന്നതു്. സഹകരണബുദ്ധി സ്വയമേവാഗതമാകണമെന്നാണ് വയ്പ്പ്. എന്നാൽ പ്രയോഗികമായിനോക്കുമ്പോൾ പലപ്പോഴും നിർബന്ധത്തിന്റെ ഒരംശംകൂടി ചെലുത്തി സഹകരണപ്രസ്ഥാനം നടപ്പിൽവരുത്തേണ്ടതായിട്ടുള്ള ഒരു പരിതസ്ഥിതിയാണ് ഇവിടെ ഉള്ളതു്. ബാംബെപ്ലാനിൽതന്നെ കുറേക്കെ നിർബന്ധപ്രയോഗത്തിനു് വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്നു് പറഞ്ഞിട്ടുണ്ട്. ബാംബെ ആക്ടിലെ ഫ ഫ-ാം അദ്ധ്യായത്തിൽ ഫാർമിംഗ് സൊസൈറ്റീസ് ഉണ്ടാക്കാനുള്ള വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. അങ്ങിനെ ഫാർമിംഗ് സൊസൈറ്റികൾ രൂപീകരിക്കുന്ന സ്ഥലങ്ങളിൽ ആ സംഘങ്ങളിൽ അംഗങ്ങളായി ചേരാതെ അതിന്റെ പ്രവർത്തനത്തിൽനിന്നും വിട്ടുനിൽക്കുന്ന ആളുകളെക്കൂടി ബാധിക്കത്തക്കവണ്ണം പ്രവർത്തിക്കുന്നതിനും നിയമങ്ങളും അനുശാസനങ്ങളും ഉണ്ടാക്കുന്നതിനും ആ സൊസൈറ്റികൾക്ക് അധികാരം കൊടുത്തിട്ടുണ്ട്. കോവാപ്പറേറീവ് പ്ലാനിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിലും ഇത്തരം നിർബന്ധം ചെലുത്തുന്നതിനുള്ള വ്യവസ്ഥകൾ ആവശ്യമാണെന്നു് ശുപാർശചെയ്തിട്ടുണ്ട്.

"If some landowners who are likely to benefit by the scheme of minor irrigation works of a society refuse to join the latter, the Collector and District Magistrate should be empowered to make a proportionate levy of the cost of them and recover the same as arrears of land revenue,"

ഒരു പ്രദേശത്തിന്റെ മുഴുവൻഗുണത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു സൊസൈറ്റിയിൽ ആസ്ഥലത്തെ കുറെ ആളുകൾ ചേരാതെ നിൽക്കുകയാണെങ്കിൽ അവരുടെമേൽ ബലംപ്രയോഗിക്കുന്നതിനും അവരെക്കൂടി നിർബന്ധമായിട്ട് സംഘത്തിന്റെ നിയമങ്ങളിൽ ഉൾപ്പെടുത്തി അവരിൽനിന്നും സംഘത്തിന്റെ അഭിമുഖ്യത്തിൽ ആരംഭിക്കുന്ന പൊതുപദ്ധതിക്ക് വേണ്ട പണം പിരിച്ചെടുക്കുന്നതിനും അധികാരംനൽകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തരം വ്യവസ്ഥകൾ നമ്മുടെബില്ലിലും ആവശ്യമാണ്. അല്ലെങ്കിൽ വിട്ടുനിൽക്കുന്ന ഒരുകൂട്ടം ആളുകൾക്ക് ഒരു വിലയപ്രദേശത്തിന്റെ പൊതുനന്മക്കായി ആരംഭിക്കുന്ന ഒരുപദ്ധതിയെതന്നെ പരാജയപ്പെടുത്താൻ സാധിച്ചേക്കും. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അതിൽ ഏർപ്പെടുന്ന സഹകരണസംഘത്തിനു് നിർബന്ധം ഉപയോഗിക്കേണ്ടിവരും. ഫാമിംഗ് സൊസൈറ്റികൾക്കു് മാത്രമല്ല, അതുമാതിരിയുള്ള മറെറചില സൊസൈറ്റികൾക്കും ഇങ്ങനെ നിർബന്ധം പ്രയോഗിക്കേണ്ട ആവശ്യം നേരിട്ടേക്കും. മറെറതരം സൊസൈറ്റികളേയും ഗവൺമെൻറിനു് ഒരു പ്രഖ്യാപനംമൂലം ഫാർമിംഗ് സൊസൈറ്റികളായി വിവക്ഷിക്കാവുന്നതാണെന്നു് ബാംബെ ആക്ടിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അത്തരം വ്യവസ്ഥകൾകൊണ്ടേ നമ്മുടെ സഹകരണപ്രസ്ഥാനത്തിനു് കൂടുതൽ വിപുലമായ ഒരു പ്രവർത്തനരംഗം ഉണ്ടാകുകയുള്ളു. വളരെ വിസ്തീർണ്ണമുള്ള പ്രദേശങ്ങളേയും ആയിരക്കണക്കിലുള്ള അംഗങ്ങളേയും ഉൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനംനടത്തുന്നതിനു് ആമാതിരി നിയമങ്ങൾ അത്യന്താപേക്ഷിതമാണു്. അത്തരംനിയമങ്ങൾ ഉൾപ്പെടുത്തുന്നതെ ഈ ബില്ലിനെസരിച്ചുപോകുന്നപക്ഷം ഈ സംസ്ഥാനത്തു സഹകരണപ്രസ്ഥാനത്തിനു് വിപുലമായ ഒരു പ്രവർത്തനരംഗം ഉണ്ടാകാനിടയില്ലെന്നാണു് എന്റെ അഭിപ്രായം. ഫാർമിംഗ് സൊസൈറ്റീസിനെ സംബന്ധിച്ചിടത്തോളം ബാംബെ അക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നപോലുള്ള വ്യവസ്ഥകൾ ഈബില്ലിലും ഉൾക്കൊള്ളിക്കുന്നതിനു് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അല്ലാത്തപക്ഷം നമ്മുടെ സൊസൈറ്റികൾ വളർച്ചയില്ലാതെ ഒരു മുരടിച്ചരീതിയിൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂ. നമ്മുടെ സഹകരണസംഘങ്ങൾ മുരടിച്ചുപോകാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇത്രയും വിവരങ്ങളാണു് സഭയുടെ പരിശോധനക്കായി ഞാൻ സമർപ്പിക്കുന്നതു്.

ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ: സർ, ഈ നിയമസഭാ നടപടികളുമായി വലിയ പരിചയമില്ലാത്ത ഒരാളാണു് ഞാൻ. അതുകൊണ്ടു് ഈ ബില്ലിനെ സംബന്ധിച്ചു ഞാൻ എന്തെങ്കിലും പറയുന്നതിനു മുൻപായി എനിക്കു ബഹുമാനപ്പെട്ട ഈ സഭയോടും സ്പീക്കർ അവർകളോടും ഒന്നു അപേക്ഷിക്കുവാനുണ്ടു്. ഞാൻ ചെയ്യുന്ന പ്രസംഗത്തിൽ എന്തെങ്കിലും പാകപ്പിഴ വന്നുപോയാൽ എനിക്കു മാപ്പുതരണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

സർ, ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രി ഒരു വിശദീകരണം നൽകുകയുണ്ടായി. ഞാൻ ഈ ബിൽ അതിനുശേഷം വായിച്ചും നോക്കി. അപ്പോൾ എനിക്കു തോന്നിയതു്, ഈ ബില്ലിൽ ഉൾക്കൊള്ളുന്ന പ്രസ്ഥാനത്തിന്റെ ഉപയോഗവും സാദ്ധ്യതകളും പ്രാധാന്യവും പ്രസ്തുത മന്ത്രിക്കു ശരിക്കു മനസ്സിലായിട്ടില്ല എന്നാണു്. അഥവാ പ്രാധാന്യം മുഴുവൻ ശരിക്കു മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ ആ വിധം നടപ്പാക്കുന്നതിനു് ആത്മാർത്ഥതയോടെ അദ്ദേഹം ഇതുപോലെ ഒരു ബില്ലു് അവതരിപ്പിക്കുകയില്ലായിരുന്നു എന്നാണു്. വകുപ്പുകൾ മുഴുവൻ അദ്ദേഹം വായിച്ചുനോക്കിയിട്ടുണ്ടെങ്കിൽ ഈ ബിൽകൊണ്ടുദ്ദേശിക്കുന്ന പ്രസ്ഥാനത്തിന്റെ പൂർണ്ണമായ പ്രയോജനം ഇപ്പോൾ അവതരിപ്പിക്കപ്പെട്ട ബില്ലുകൊണ്ടു് ഉണ്ടാകുന്നില്ലെന്നു വ്യക്തമായി കാണാം എന്നാണു എനിക്കു ആദ്യമായി പറയുവാനുള്ളതു്.

ബിൽ അവതരിപ്പിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞതും ഉദ്ദേശകാരണവിവരണത്തിൽ വ്യക്തമാക്കിയിട്ടുള്ളതും തിരുവിതാംകൂറിലും കൊച്ചിയിലും മാദ്രാ നിയമം നിലവിലിരിപ്പുണ്ടെന്നും, രണ്ടു നിയമങ്ങളേയും സംയോജിപ്പിച്ചു ഏകീകരിക്കുന്നതിനുവേണ്ടിയാണു് ഇപ്പോൾ ഈ ബില്ലു് അവതരിപ്പിച്ചിരിക്കുന്നതെന്നുമാണു്. എന്നാൽ സഹകരണസംഘങ്ങൾമൂലം നടപ്പാക്കാൻ സാധിക്കുന്ന ഗുണങ്ങളേയും രാജ്യത്തിനും ജനങ്ങൾക്കും നന്മചെയ്യാനുള്ള അവയുടെ സാദ്ധ്യതകളേയും കേവലം വിഗണിച്ചുകൊണ്ടു വെറും ഏകീകരണത്തിനുവേണ്ടിമാത്രം ഒരു ബിൽ അവതരിപ്പിച്ചതു സാഹസമായിപ്പോയി. സഹകരണസംഘങ്ങളുടെ സാദ്ധ്യതകളെപ്പറ്റി ഇവിടെ പലരും പറഞ്ഞുകഴിഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ കുടിൽവ്യവസായം മുതൽ രാഷ്ട്രനിർമ്മാണപദ്ധതിവരെ ഈ പ്രസ്ഥാനംമൂലം സാധിക്കാം. നാട്ടിനു അഭിവൃദ്ധിയും ഐശ്വര്യവും വളർത്തുന്നതിനു പറ്റുന്ന പല കാര്യങ്ങളും ഇതുവഴി നടപ്പാക്കാൻ സാധിക്കുമെന്നു പല മഹാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. അങ്ങനെയുള്ള ഒരു മഹൽപ്രസ്ഥാനത്തിന്റെ പ്രവർത്തനത്തെ സ്പർശിക്കുന്ന ഒരു ബിൽ അവതരിപ്പിക്കുന്നതിനും അതിനുള്ള നടപടികൾ എടുക്കുന്നതിനും ഒരുങ്ങുമ്പോൾതന്നെ ശ്രീ. ഗംഗാധരൻ നായർ പറഞ്ഞതുപോലെ ഒരു വിപ്ലവകരമായ മനസ്ഥിതിയോടുകൂടിവേണം അതിനെ സമീപി

LIBRARY ARCHIVES Kerala Legislative Assembly

[Sri. N. Nilakandaru Pandarathil]

ക്കേണ്ടതു്. അല്ലാതെ കേവലം സംയോജനം ഉണ്ടാക്കണം എന്ന മനസ്ഥിതിയോടുകൂടിമാത്രം ഒരു ബിൽ അവതരിപ്പിച്ചു നിയമമാക്കുവാൻ തുനിയുന്നതു വളരെ കഷ്ടമാണെന്നാണു് എനിക്കു പറയുവാനുള്ളതു്.

ഈ ബില്ലിന്റെ ഉപകാരപ്രദമായ വശങ്ങളേയും അതിന്റെ സാദ്ധ്യതകളേയും മറന്നുപറഞ്ഞി ഇപ്പോൾ ഞാൻ പറയാൻ ഒരുങ്ങുന്നില്ല. എന്നാൽ ഒരു ജനകീയസ്ഥാപനം എന്ന നിലയ്ക്കു് സഹകരണസംഘങ്ങൾപോലെയുള്ള സ്വയംഭരണഘടകങ്ങൾക്കു് ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു് എത്രമാത്രം സ്വയംപര്യാപ്തമായി നിലനില്ക്കുവാൻ കഴിയുമെന്നു ഞാൻ ഒന്നു പരിശോധിച്ചുനോക്കി. അങ്ങിനെ പരിശോധിച്ചതിൽ ഒരു ജനകീയസ്വഭാവത്തോടുള്ള സ്നേഹത്തിനു പകരം ഡിക്ടേക്ടർഷിപ്പിനോടുള്ള മമതയാണു് ഈ ബില്ലിൽ കൂടുതലായി കണ്ടതു്. ബില്ലിൽ രജിസ്ട്രാക്കു് ഒരു ഗവണ്മെന്റിനെക്കാൾ കൂടുതൽ അധികാരം നൽകിയിട്ടുണ്ടു്. എന്തെങ്കിലും ഭരണപരമായ അടിയന്തിരാവസ്ഥ ഉണ്ടായാൽ Proclamation മൂലം ഭരണം ഏറ്റെടുക്കുവാനുള്ള അധികാരം ഗവണ്മെന്റിനുണ്ടു്. അതുപോലെ സംഘങ്ങളെ സൂപ്പർസീഡുചെയ്യാനുള്ള അധികാരം രജിസ്ട്രാക്കും കൊടുത്തിട്ടുണ്ടു്. ഈ അധികാരം ഉപയോഗിച്ചു ഒരു സംഘത്തിന്റെ പ്രവർത്തനംതന്നെ അവസാനിപ്പിക്കുവാൻ രജിസ്ട്രാക്കു കഴിയും. എന്നാൽ അങ്ങനെ ഏതെങ്കിലും അടിയന്തിരാധികാരനിയമം നടപ്പിലാക്കുവാൻ ഗവണ്മെന്റർ ജനറലിനോടോ (മൻപാണെങ്കിൽ) അല്ലാത്തപക്ഷം, ഇപ്പോഴത്തെ ഭരണഘടനയനുസരിച്ചു പ്രസിഡണ്ടിനോടോ അനുവാദം ഗവണ്മെന്റു വാങ്ങേണ്ടതായുണ്ടു്. രജിസ്ട്രാക്കു് അതുംകൂടി വേണ്ടാ; പിന്നീടു റിപ്പോർട്ടുചെയ്യുകയുംവേണ്ട എന്നൊരു മെച്ചവും ഉണ്ടു്. രജിസ്ട്രാരുടെ ഈ നടപടിമൂലം ആക്കെങ്കിലും എന്തെങ്കിലും സങ്കടം നേരിട്ടാൽ അതിനു ഒരു പോംവഴിയുള്ളതു് വേണമെങ്കിൽ അപ്പീലിനു പോകുക എന്നുള്ളതാണു്. സർ, കായ്യം നടന്നതിനുശേഷം സങ്കടപരിഹാരത്തിനുപോയി അപ്പീൽ കൊടുത്തു പോംവഴിയുണ്ടാക്കുവാൻ പറയുന്നതിൽഭേദം രജിസ്ട്രാർ ഈദ്ദേശപ്രവർത്തനങ്ങൾ നടത്തുന്നതിനു മുമ്പു് ഗവണ്മെണ്ടിന്റെ അനുമതികൂടി വാങ്ങിയിരിക്കണം എന്നൊരു വ്യവസ്ഥ ചേർക്കുകയായിരുന്നു നല്ലതു്. ഈ വ്യവസ്ഥയെങ്കിലും ചേർത്തു രജിസ്ട്രാരുടെ മുകളിൽ കയറിട്ടു് ഗവണ്മെണ്ടു് അൽപമായൊന്നു നിയന്ത്രിക്കുന്നതിൽ എന്തു തെറ്റാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. ഇതൊന്നും ചെയ്യാതെ രജിസ്ട്രാരുടെ അഭിപ്രായപ്രകാരം ഏതു സൊസൈറ്റിയേയും സൂപ്പർസീഡുചെയ്യുവാനുള്ള അധികാരമാണു് ഇപ്പോൾ രജിസ്ട്രാക്കു നൽകിയിരിക്കുന്നതു്. രജിസ്ട്രാരുടെ ഈ അധികാരത്തെ ഏതെങ്കിലും സൊസൈറ്റി തടഞ്ഞാൽ ആ സൊസൈറ്റിയുടെ കയ്യിൽനിന്നും റിക്കാർഡുകളും അധികാരങ്ങളും പിടിച്ചു വാങ്ങിക്കുവാൻകൂടി രജിസ്ട്രാക്കു് അധികാരമുണ്ടു്. രജിസ്ട്രാർ ഒന്നു വിരൽ ചലിച്ചാൽ മാത്രംമതി, മജിസ്ട്രേട്ടു വന്നു് ആവശ്യപ്പെട്ട റിക്കാർഡുകളും അധികാരങ്ങളുമെല്ലാം എടുത്തു കൊടുത്തുകഴിയും. ആ മജിസ്ട്രേട്ടിനും ഒരു നിയമപരിപാലനമുറയുണ്ടു്. പക്ഷേ ആ മുറയൊന്നും മജിസ്ട്രേട്ടിനു അപ്പോൾ എടുക്കാൻ നിവൃത്തിയില്ലാതെവരും. എന്തെന്നാൽ, രജിസ്ട്രാർ പറയുന്നതുപോലെ മജിസ്ട്രേട്ടു പ്രവർത്തിച്ചില്ലെങ്കിൽ, മജിസ്ട്രേട്ടിനു അധികാരം കൊടുത്ത ആൾതന്നെ *i.e.* Government തന്നെ മജിസ്ട്രേട്ടിനോടു കയർത്തുതുടങ്ങും. ഇതിന്റെ അനാശാസ്യഫലം ഒരു ജനകീയസ്ഥാപനത്തിന്റെ ജനകീയസ്വഭാവത്തെ ഇല്ലായ്മചെയ്യുക എന്നുള്ളതാണെന്നു ഞാൻ പറയേണ്ടതില്ലല്ലൊ.

മറ്റൊന്നു് ആർബിട്രേഷനെ സംബന്ധിച്ചുള്ള വകുപ്പാണു്. സൊസൈറ്റിയുടെ ഏതെങ്കിലും ബിസിനസിനെപ്പറ്റി അതിലെ അംഗങ്ങൾ തമ്മിലോ,

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ അംഗങ്ങളും മൻപുള്ള അംഗങ്ങളും തമ്മിലോ, സൊസൈറ്റിയി ലെ ജോലിക്കാരും അംഗങ്ങളും തമ്മിലോ, രണ്ടു സൊസൈറ്റികൾ തമ്മിലോ (അങ്ങനെ പോകുന്ന ആ പട്ടിക നെടുനിളത്തിൽ) ഉള്ള തർക്കങ്ങൾ ആർബിട്രേ ഷൻ നടത്തുന്നതിനു് ഉള്ള അധികാരം രജിസ്ട്രാർക്കാണു്. ചില അവസരങ്ങ ളിൽ ഏതെങ്കിലും കക്ഷി ആവശ്യപ്പെടുകയാണെങ്കിൽ ഒരു ആർബിട്രേറ്ററെ ത്തന്നെ നിയമിക്കുവാൻ രജിസ്ട്രാർക്കു അധികാരം കൊടുത്തിട്ടുണ്ടു്. ആ അവസ രത്തിലും രജിസ്ട്രാർ നിശ്ചയിക്കുന്ന മാതൃകയിൽതന്നെവേണം ആർബിട്രേഷൻ നടത്തേണ്ടതു്. ഈ ആർബിട്രേഷന്റെ അവാർഡിന്മേൽ അപ്പീൽകൊടുക്കാം. എന്നാൽ ആ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരവും രജിസ്ട്രാർക്കുതന്നെയാ ണു്. രജിസ്ട്രാരുടെ തീരുമാനം അവസാനതീരുമാനവുമാണു്. ഒരു കോടതി ക്കും രജിസ്ട്രാരുടെ ആവക തീരുമാനത്തിന്മേൽ അപ്പീൽ കേൾക്കുവാൻ അവകാ ശമില്ല. അങ്ങനെ നോക്കുമ്പോൾ കോടതിയുടെ അധികാരത്തെപ്പോലും വെ ല്ലുവിളിക്കുന്നതിനുള്ള സാദ്ധ്യത ഈ ബില്ലുകൊണ്ടു രജിസ്ട്രാർക്കു ലഭിക്കുന്നുണ്ടു്.

എതെങ്കിലും സൊസൈറ്റിയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും ഒരബദ്ധ മുണ്ടായാൽ, അതിലേക്കു ഒരു പ്രോസിക്യൂഷൻനടപടി ആവശ്യമാണെന്നു കണ്ടാൽ അതിനു രജിസ്ട്രാരുടെ മൻകൂട്ടിയുള്ള അനുവാദംവേണം. അതും ഒരു ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടിനു മാത്രമേ ഓർഡർ ഇടാൻ അധികാരമുള്ളു. ഇങ്ങനെ നോക്കുമ്പോൾ ഒരു സൊസൈറ്റി രജിസ്റ്റർചെയ്യാൻ തുടങ്ങുന്നതുമുതൽ അതിനു നിലനിൽപ്പുള്ള കാലംവരെ രജിസ്ട്രാരുടെ വരുതിയനുസരിച്ചു സൊസൈറ്റി നട ന്നുകൊള്ളണമെന്നുള്ള നിലയാണു ഈ ബില്ലു വരുത്തിയിരിക്കുന്നതു്. അങ്ങനെ രജിസ്ട്രാരുടെ ഹിതപ്രകാരം സൊസൈറ്റി പ്രവർത്തിക്കുന്നില്ലെങ്കിൽ ആ സൊ സൈറ്റിതന്നെ വേണ്ടെന്നു വെക്കുന്നതിനുള്ള അധികാരവുംകൂടി രജിസ്ട്രാർക്കുണ്ടു്. അത്ര വിപുലമായ അധികാരത്തോടുകൂടി ഒരു രജിസ്ട്രാരെ സൃഷ്ടിച്ചു് അദ്ദേഹ ത്തിന്റെ കീഴിൽ സൊസൈറ്റികളുടെ ലേബൽ ഒട്ടിച്ചു് കുറെ സ്ഥാപനങ്ങൾ ഉണ്ടാക്കുവാൻ മാത്രം പയ്യാപ്പാക്കുന്ന ഒരു ബില്ലാണിതു്. ഇതു് ഒരു ജനകീയ ഭരണകാലത്തിനൊട്ടും അനുയോജ്യമായിട്ടുള്ളതല്ല. അതിനാൽ ഈ ബിൽ സെലക്ടുകമ്മിറ്റിക്കു അയയ്ക്കുമ്പോൾ ഈവക കാര്യങ്ങളെപ്പറ്റി കൂലങ്കഷ മായി പയ്യാലോചിക്കുവാൻവേണ്ടി കുറഞ്ഞതും രണ്ടുമൂന്നു മാസത്തെ കാലാവധി യെങ്കിലും നൽകേണ്ടതാണു്. കൂടാതെ സഹകരണപ്രസ്ഥാനത്തിൽ വളരെയ ധികം പരിചയവും ജ്ഞാനവും ഉള്ള ഈ അസംബ്ലിയിലെ മെമ്പറന്മാരും, മെമ്പറന്മാർ അല്ലാത്തവരുംകൂടി ചേർന്നു് ഈ ബില്ലിനെപ്പറ്റി പയ്യാലോചി ക്കുവാൻ സാധിക്കത്തക്കവിധത്തിൽ ഈ പ്രസ്ഥാനത്തിൽ പരിജ്ഞാനമുള്ളവരെ കോ-ഓപ്റ്റുചെയ്യുവാനുള്ള അധികാരംകൂടി സെലക്ടുകമ്മിറ്റിക്കു കൊടു ക്കേണ്ടതാണു്. വേണ്ടിവന്നാൽ ബില്ലുതന്നെതന്നെ റീഡ്രാഫ്റ്റുചെയ്തു കൊണ്ടുവരു ന്നതിലും ആക്ഷേപമില്ല.

ശ്രീ. ശ്രീ. വി. താസ്: இந்த பில்லை நான் எதிர்க்கிறேன். உத்தாவா த ஆட்சி வந்த காலம்முதல் இந்த அரசாங்கம் பல சட்டங்களை பாசாக்கி வருகின்றது. அதில் அநேக சட்டங்களெல்லாம் கூடுதல், கூடுதல் கர்ம வசூலிப்பதற்கும், பொதுமக்களின்மேல் கூடுதல் நிருதி சுமத்துவதற்கு மேயாகும். பொதுமக்களுடைய வாழ்க்கை உயர்விற்கு மிகவும் உபயோக கரமானதொரு நிலையில் பாசாக்கப்பட்ட ஒரு சட்டமுண்டென்றால் அது பஞ்சாயத்து சட்டம் என்று நாம் கௌரவப்படலாம். அதற்கு அடுத்த படியாக முக்யத்துவம் வாய்ந்தது இன்று அரசாங்கத்தால் கொண்டுவரப்பட் டிருக்கும் கூட்டுறவு இயக்க சட்டமாகும் (Co-operative Bill). பஞ்சாயத்து

LIBRARY ARCHIVES Kerala Legislative Assembly

[Sri. Sree V. Das]

பில் முதன்முதலாக இச்சட்ட சபையில் ஆஜராக்கப்படுவதற்கு முன்பு இ ரண்டு தடவை, இரண்டு பில்களாக வந்தன. ஸ்ரீமான் கேசவன் அவர்கள் மந்திரியாக இருந்த காலத்தில் ஒரு பஞ்சாயத்து பில் வந்தது. அதற்குப் பிறகு இப்போ திருக்கும் மந்திரி சபை வந்த சமயம் இரண்டாவது முறை பஞ்சாயத்து பில்லாக வந்தது. இவ்விரண்டு சமயத்திலும் வந்த பில்கள் தத்து வங்களிலும் அமைப்புகளிலும் பல வேறுவாடுகளையுடையதாக இ ருந்தன. பஞ்சாயத்து பில் போன்ற முக்கியத்துவம் வாய்ந்த பில்கள் மு தலாவதாக இச்சட்டசபையில் வருவதற்கு முன் இதுசம்பந்தமாக பொது மக்களின் அபிப்பிராயம் கேட்கப்பட்டது. மாத்திரமல்ல, பஞ்சாயத்து முறையிலே அமைக்கப்பட்டிருக்கக்கூடிய வில்லேஜ் யூனியன்கள் என்ற ஸகல ஸ்தாபனங்களின் கருத்துக்களையும் அரசாங்கம் கேட்டது. ஆங்காங் குள்ள யூனியன் கமிற்றிகள் அச்சட்டத்தை நன்கு ஆராய்ந்து அச்சட்ட த்தில் என்னவென்ன புதுமைகள் வேண்டும், எவை எவைகளை மாற்ற வேண்டுமென்றும் அரசாங்கத்திற்கு அறிவித்தது. அம்மாதிரிப்பட்ட அ றிக்கைகளையும், ரிப்போர்ட்டுகளையும் வைத்துக்கொண்டு இவ்வரசாங்கம் பஞ்சாயத்து பில்லை நல்ல முறையில் வகுத்து இங்கு சமர்ப்பித்தது. அ தே முறையில் இந்த கூட்டுறவு சங்கச் சட்டமானது, பஞ்சாயத்து சட்டத் தைப்போன்று முக்யத்துவம் வாய்ந்ததாகும். இச்சட்டத்தை இங்கு கொ ண்டு வந்து ஆலோசிப்பதற்கு முன்பு இப்பொழுது நிலவிலிருக்கும் கூட் டுறவு சங்கங்களின் அபிப்பிராயங்களை கெட்டறிந்துகொள்ளவேண்டியது மிகவும் முக்யமாகும். வாரந்தோறும் உள்ள கெஸட்டுகளில் பார்க்கலாம், கூட்டுறவு சங்கங்கள் பல Liquidate ஆகி வருகிறதை. வாரந்தோறும் ஒன் றுக்கு பத்தாக Societies பிரித்து விடப்படுவதாக விளம்பரங்கள் காணப் படுகின்றன. இவைகளுக்குக் காரணமென்னவென்று அரசாங்கம் முதலா வதாக தெரிந்துகொள்ளவேண்டும். திடீரென்று இம்மாதிரிப்பட்ட கட்ட ங்களைப் புகுத்திவிட்டால் கூட்டுறவு இயக்கங்கள் நன்கு தழைத்தோங்கும் என்று நினைப்பது பெருந்தவறு. என் இதுவரையிலுள்ள பல கூட்டுறவு சங்கங்கள் பிரித்து, விடப்பட்டிருக்கிறது என்பதைப்பற்றியுள்ள உண்மை யை அறிவதற்கு அரசாங்கம் முயற்சிசெய்யவேண்டும். அங்ஙனம் இவ் வரசாங்கம் முயற்சிசெய்திருக்கின்றதா? என்று பார்த்தால், இங்குள்ள திடீர் பிரவேசம் பில்களிலிருந்து அம்மாதிரி யாதொரு முயற்சியும் இவ்வர சாங்கம் கெய்யவில்லை என்று தான் தோன்றுகிறது. இத்தகைய முக்யத் துவம் வாய்ந்த பில் கண்டிப்பாக பொதுமக்களிடம் பிரசாரம் செய்யப்பட்டு இதுவரையிலுள்ள கூட்டுறவு இயக்கங்கள் என் சரியான முறையில் நடை பெறவில்லை என்பதைப் பற்றி இந்த கூட்டுறவு இயக்கங்களின் அபிப்பிரா யங்களையும் கேட்டு அவர்களுடன் ஆலோசித்து ஒரு சட்டத்தை சமர்ப் பித்தால் நாங்கள் இதை வரவேற்று இருப்போம். ஆகவே அரசாங்கத் தினிடம் நான் வற்புறுத்துவது என்னவென்றால் இப்பொழுது சட்டசப யின் முன்பு வைக்கப்பட்டிருக்கும் இச்சட்டம் பொது மக்களின் கவனத் தை ஒன்றுக் கவரவில்லை என்பதுதான். மேலும் இப்பொழுதிருக்கக் டிய சட்டத்தில் ஏதோ பலவிதமான புதுவகுப்புகள் உட்படுத்தப்பட்டி ருக்கின்றன. இவ்வகுப்புகள் எல்லாம் பொதுமக்களுக்குத் தெரியுமா? இதுவரையில் கூட்டுறவு இயக்கங்கள் பங்கு கொண்டு இருக்கக்கூடிய ன்

LIBRARY ARCHIVES Kerala Legislative Assembly

தாபனங்களுக்கு இதைப்பற்றி அறிவுறுத்தப் பட்டிருக்கிறதா என்பதைப் பற்றி எனக்கு சிறிது சந்தேகம் எழுகிறது. அடுத்தபடியாக, அதே பக்கத்தில் இருக்கும் நண்பர்கள், Registrar அவர்களுடைய ஆக்டிவோக பூர்வமான அதிகாரங்களைப்பற்றி மிகவும் காரசாரமாக வாதித்தார்கள். நான் அவர்களிடம் கேட்கிறேன், பஞ்சாயத்து பில் இங்கு கொண்டுவரப் பட்டபோது பஞ்சாயத்து டைரக்டர் அவர்களுக்கு இதுமாதிரி பல புதிய அதிகாரங்கள் கொடுக்கப்பட்டிருந்ததை நாங்கள் பலமாக எதிர்த்தோம். அவர்கள் ஆமோதித்தார்கள். ஆனால் இப்பொழுது Registrar அவர்களுக்கு அதிகப்படியான அதிகாரங்கள் கொடுக்கப்பட்டிருக்கிறதை அதே பெரியோர்கள் கண்டிக்கிறார்கள். பஞ்சாயத்து பில் ஆலோசிக்கப்பட்ட காலத்திலே 'டைரக்டர்' அவர்களுடைய அதிகாரமானது அதிகப்படியான தல்லவென்று, இன்றைக்கு அரசாங்கத்தை கையில் வைத்துக்கொண்டிருக்கும் கட்சி சொல்லுமானால் இன்றைக்கு இவ் Registrar க்கு இவ்வளவு தூரம் அதிகாரங்களைக்கொடுக்க இவ்வரசாங்கம் முன்வந்திருக்காது, நம் பக்கப்பட்ட மந்திரியவர்களும் அதைக் கொடுக்க முன்வரமாட்டார்கள். பஞ்சாயத்து டைரக்டர் அவர்களுக்கு கூடுதல் அதிகாரங்களைக் கொடுத்ததை ஆதரித்த அதேமாதிரி முக்யத்துவம் வாய்ந்த இச்சட்டத்தில், Registrar அவர்களுக்கு கூடுதல் அதிகாரங்கள் கொடுக்கப்பட்டிருக்கிறதே என்று சொல்வது பொருத்தமல்ல. ஆகவே அதிகார பீடத்தில் இருக்கும் கட்சியில் பட்ட நண்பர்கள் இதைப்பற்றி நன்றாக ஆலோசிக்க வேண்டும். எதிர்க்கட்சியினர் சொல்கிறார்களே, அதை நாம் கண்டிப்பாக தோற்கடிக்கவேண்டும் என்றதொரு மனப்பான்மையை மாற்ற வேண்டியது அவசியமாகும். முடிவாக நான் சொல்வதென்னவென்றால், இந்தச்சட்டமானது பஞ்சாயத்து சட்டத்தைப் போன்று மிகவும் முக்யத்துவம் வாய்ந்ததாகும். பஞ்சாயத்து ஆக்ட்டை கொண்டுவருவதற்கு முன்பு அரசாங்கமும், அது சம்பந்தப்பட்ட இலாகாவும் என்னென்ன முறைகளை கையாண்டோதா அதே முறையில் இந்தக் கூட்டுறவு இயக்கச் சட்டத்தையும் பொதுமக்கள் முன்பு வைத்து, கூட்டுறவு இயக்கங்களில் பங்கு கொண்டிருக்கும் அங்கத்தினர்களின் அபிப்பிராயங்களையும் சேகரித்து, நல்ல முறையில், பஞ்சாயத்து ஆக்ட்டைப் போன்று, இச்சட்டத்தை ஒரு உருப்படியான சட்டமாகக் கொண்டுவரவேண்டுமென்று நான் கேட்டுக்கொள்கிறேன்.

Sri. N. Daniel Jose: Sir, to a person of high persuative thinking such a bill cannot evoke much enthusiam at all. Sir, nearly thirteen years have elapsed since the basis on which the previous bill was in vogue. But the present bill does not bring about any serious alteration at all. The co-operative societies have developed to a certain extent in this country but that has not been reflected in the present bill which is placed before the House. Sir, I feel that the co-operative economy and capitalist economy are to a certain extent contradictory. I feel that the co-operative movement cannot function properly in the State as the hand maid of a capitalist economy. I also feel, Sir, that this Government is not fully suited to develop co-operative movement along proper lines giving it the full scope of development because I feel this Government is tied to the apron strings of capitalists. I feel that if the co-operative movement is to be successful in the State, the entire production and distribution of commodities should be handled by a centralised co-operative organisation with branches all over the State. Sir, it may be possible that co-operative canteens can be organised for every village along village lines and trade lines. For instance the fishermen have their co-operative canteen, the sugar producers are having one such. In that way the scheme has to be developed. I would also suggest that co-operative organisations should be on the basis of kara

LIBRARY ARCHIVES Kerala Legislative Assembly

[Sri. N. Daniel Jose]

lines wherever self sufficiency of certain commodities are concerned. There should be one organisation for each kara for handling the entire trade. In saying that the co-operative movement should be developed along these lines I am suggesting a change over from the economy they were following at present. It is only when a co-operative movement is developed along these lines, it can bring forth any good of lasting value to the people of the State, Sir, as it is the co-operative organisations in the State are functioning similar to small joint stock companies. the only difference being that the investment capital is limited. I would therefore suggest in bringing forth a bill of this sort it should come within the frame work of planned economy in this State. I personally feel this cannot achieve effective results unless there is a socialist economy in this Government. As long as this Government is not prepared to accept a change over to the socialist economy, co-operative movement cannot function properly. It has been stated in this House during discussion by many Hon'ble members that co-operative mentality could be created in the co-operators and so forth. I feel confident that co-operative mentality cannot be created as long as our societies are worked on profit motive. As long as the profit motive remains co-operative organisations will remain only as small limited joint stock companies not bringing forth much good. During the war and post war years co-operative organisations have not gathered to themselves any character or prestige which could be applauded. In fact, those organisations during the past few years have gathered to themselves a lot of bad name. They have been dealing in activities which are not fully praiseworthy. I attribute this not to any lack of co-operative mentality which could be created, through an Act of this kind. Sir, I pointed out the aim of the society that is the profit making. Therefore I plead that in a bill of this sort certain fundamental principles have to be set out. This bill should be placed in a framework of planned economy and organisational basis. Sir, co-operative societies cannot be developed on proper lines with a legislation alone. Legislation is only a beginning for the co-operative movement. It can only chalk out broadest ambits of the position and cannot really go into details. Organisational aspects can be suggested in the manner possible. More than the question of legislation, Sir, the co-operative movement is a matter of organisation and building up in this country. In this connection, I would point out instances of countries like Norway where co-operative movement have been successfully organised and worked for years, because the co-operative movement embraces the entire aspect of commercial and economic life.

Having said this as a general introduction, I would place before the House and the Minister some points for consideration. My observations are based mainly on the merits of the present bill now before the House. It has been pointed out by almost all Hon'ble members who spoke on the subject that the Registrar has been given more powers than he should be. I feel this is a debatable issue. Arguments can be adduced both for and against. This is not an issue in which you can definitely say that handing over more powers to the society movement as it is organised today is the method. From another point of view the question can be looked at and that in a broader aspect that handing over more powers if harmful. In the present state of affairs whether handing over some powers is useful or not is a debatable issue on which a person of my inexperience if I could put it that way cannot really present a view which would ensure to the benefit of the movement. I would say that in this connection that if Government wants to give more powers it should be done after consultation with various co-operative institutes in the State and also with co-operators. Co-operative organisations have been functioning for some time and I feel sure that the organisers will be able to aid Government in coming to a proper understanding as to whether the Registrar should be given more powers or not. Another point is about the maximum limit of investment and why it should be

LIBRARY ARCHIVES Kerala Legislative Assembly

increased from Rs. 2 thousand to 5 thousand. I shall be grateful to the Minister if he would in his reply explain why the limit has been increased. To me it appears such a limit should be lowered, even 2 thousand is much. so that people may not get any loophole for mischief. That will bring only good to the co-operators.

In conclusion, I would point out that there cannot be much use in passing an Act which is not more than a carbon paper copy of all existing legislation. It may be a good way of integrating all pieces of legislation. I do not deny that. But I feel that the purpose of Government is to set before the country a co-operative movement on sound and substantial basis so that it may embrace more and more the economic life of the State. I should plead that this Act should be altered in various ways and this should be done after due consultation with various co-operators and leading co-operative organisations in the State. I also plead that this legislation should not be rushed through as has been the habit of this Government as far as other pieces of legislation are concerned.

ശ്രീ. തയ്യുള്ള കുഞ്ഞിത്തൊമ്മൻ: സർ, സഹകരണപ്രസ്ഥാനത്തെക്കുറിച്ച് രണ്ടു വാക്കു പറയണമെന്നു ഞാനാഗ്രഹിക്കുന്നു. ഈ പ്രസ്ഥാനം ഇവിടെ ആരംഭിച്ചിട്ടു കുറെ കൊല്ലങ്ങളായി. എന്നാൽ ഇതുവരെയായിട്ടും ഇതിനു യാതൊരു അഭിവൃദ്ധിയും ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. സഹകരണത്തിനു പകരം നിസ്സഹകരണമനോഭാവമാണു മിക്ക സ്ഥലങ്ങളിലും കാണുന്നതു്. എന്നാൽ ജനപ്രതിനിധികളുടെ ഗവൺമെണ്ടു വന്നതിൽപിന്നെയെങ്കിലും ഈ പരിതസ്ഥിതിക്കു ഒരു വ്യത്യാസം ഉണ്ടാകുമെന്നു വിചാരിച്ചിരുന്നു. എന്നാൽ അല്പം ഇപ്പോൾ അസ്ഥാനത്തിലാണെന്നാണു തോന്നുന്നതു്. സാധാരണ ഇപ്പോൾ ഈ പ്രസ്ഥാനം പണം കടം കൊടുക്കുക എന്നുള്ള ഒരൊറ്റ പ്രവൃത്തി മാത്രമെ നടത്തിവരുന്നതായി കാണുന്നുള്ളൂ. മനുഷ്യജീവിതത്തിന്നത്യാവശ്യമായ കൃഷി, കച്ചവടം, വ്യവസായം മുതലായവ അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഈ സഹകരണപ്രസ്ഥാനം ഉപയോഗപ്പെടുത്താമെങ്കിൽ വളരെ നന്നായിരിക്കുമായിരുന്നു. അല്ലാതെ, പെറുതെ പത്തുനൂറു പലിശതികയും ആവിഷ്കരിച്ചുകൊണ്ടുള്ള മൈതാനപ്രസംഗങ്ങൾകൊണ്ടു യാതൊരു പ്രയോജനവുമില്ല. ഞാൻ ഈ ബില്ലിനെപ്പറ്റിയല്ല, നേരെമറിച്ചു് സഹകരണപ്രസ്ഥാനങ്ങളുടെ നടപടിയെപ്പറ്റിയാണു പറയുന്നതു്. ബില്ലിൽ ഈ പറഞ്ഞ കാര്യങ്ങൾക്കുള്ള നിയമങ്ങൾകൂടി സൃഷ്ടിക്കണം. ഇൻഡ്യയിൽ നമ്മുടെ രാജ്യത്താണു്—തിരുവിതാംകൂറിലാണു്, ആദ്യമായി ഒരു നിയമസഭ സ്ഥാപിച്ചതു്. തിരുവിതാംകൂർ മറ്റു നാട്ടുരാജ്യങ്ങൾക്കു ഒരു മാതൃകയായിത്തീരത്തക്കവണ്ണം മുൻപു് പ്രവർത്തിച്ചുകൊണ്ടിരുന്നു. എന്നാൽ ജനപ്രതിനിധികളുടെ ഗവൺമെണ്ടു വന്നതോടുകൂടി അതിനു വിപരീതമായി പ്രവർത്തിക്കുന്നതുപോലെ തോന്നുന്നു. മാതൃഭാഷയെ ആരുംതന്നെ മാനിക്കുന്നതായി തോന്നുന്നില്ല. അതോ പോകട്ടെ, ബില്ല പഠിച്ചു് ആവശ്യമുള്ള കാര്യങ്ങൾ ഇവിടെ വന്നു പറയാൻ സാധിക്കത്തക്കവിധം ഇതുമാതിരിയുള്ള കാര്യങ്ങളെങ്കിലും മലയാളത്തിൽകൂടി തർജ്ജിമചെയ്തു എന്നെപ്പോലെ മലയാളം മാത്രം അറിയാവുന്നവർക്കു സഹായം സൗകര്യം നൽകാമായിരുന്നു. ബില്ലിലെ കാര്യങ്ങൾ മനസ്സിലായില്ലെങ്കിൽ എങ്ങനെയാണു അതിനെക്കുറിച്ചു സംസാരിക്കുക.

ശ്രീ. എ. താണുപിള്ള: സർ, ഒരു ചോദ്യം.

ശ്രീ. തയ്യുള്ള കുഞ്ഞിത്തൊമ്മൻ: ചോദ്യങ്ങളൊക്കെ ഞാൻ സംസാരിച്ചുകഴിഞ്ഞതിൽപിന്നെ ചോദിച്ചുകൊള്ളണം. എനിക്കു സമയം കുറച്ചേയുള്ളൂ.

ഞാൻ പറയുന്നതു്, ആദ്യം മലയാളം അറിയാവുന്നവരെല്ലാം മലയാളത്തിലെ സംസാരിക്കാവൂ എന്നും, മലയാളത്തിൽ സംസാരിക്കുവാൻ നിവൃത്തിയി

LIBRARY ARCHIVES Kerala Legislative Assembly

[Sri. Thariath Kunhithomman]

ല്ല അവർ മാത്രം ഇംഗ്ലീഷിലോ തമിഴിലോ സംസാരിക്കണമെന്നുള്ളതുപോയിട്ട് എല്ലാം ഇംഗ്ലീഷിലെ ആകാവൂ എന്ന പരിതസ്ഥിതിയിലെത്തിയിരിക്കുകയാണ്. പിന്നെ എങ്ങനെയാണ കാര്യങ്ങൾ മനസ്സിലാക്കുക? പറയുക. ബില്ല മനസ്സിലാക്കിയാലല്ലേ അതിനെക്കുറിച്ചു സംസാരിക്കുവാൻ ഒക്കുകയുള്ളു.

ശ്രീ. എ. താണുപിള്ള: സർ, ഒരു പോയിൻറ് ആഫ് ആർഡർ. ശ്രീ. കേശവൻശാസ്ത്രി പറഞ്ഞു, വളരെ സുന്ദരമായ രീതിയിൽ ഈ ബില്ല മലയാളത്തിൽ തർജ്ജിമചെയ്തിട്ടുണ്ടെന്നു. ഇപ്പോൾ ശ്രീ. തയ്യൂ കുഞ്ഞിത്തൊമ്മൻ പറയുന്നു മലയാളത്തിൽ തർജ്ജിമചെയ്തിട്ടില്ലെന്നു. സർ, സുന്ദരമായി തർജ്ജിമചെയ്തിട്ടുണ്ടെന്നുള്ളതു വാസ്തവമാണെങ്കിൽ, മി. കുഞ്ഞിത്തൊമ്മൻ ഇങ്ങനെ പറയുന്നതു അനുവദിക്കാമോ?

മി. സ്പീക്കർ: യഥാർത്ഥത്തിൽ തക്കസമയത്തു് മലയാളതർജ്ജിമ കൊടുക്കുവാൻ കഴിഞ്ഞിട്ടില്ലെന്നാണറിയുന്നതു്.

ശ്രീ. എ. താണുപിള്ള: എന്നാൽ മി. ശാസ്ത്രിയോടു ചോദിക്കണം, അദ്ദേഹത്തിനു ഈ സുന്ദരമായ തർജ്ജിമ എവിടെനിന്നും കിട്ടിയെന്നു.

ശ്രീ. തയ്യൂ കുഞ്ഞിത്തൊമ്മൻ: ഏതായാലും ആ സുന്ദരമായ തർജ്ജിമ എനിക്കു കിട്ടിയിട്ടില്ല. മാത്രമല്ല, ബഹുമാനപ്പെട്ട സ്പീക്കർ അവർകളും പറഞ്ഞു തർജ്ജിമ കൊടുക്കാൻ സാധിച്ചിട്ടില്ലെന്നു്. കാര്യം എങ്ങിനെയുമിരിക്കട്ടെ. സഹകരണപ്രസ്ഥാനത്തെ സംബന്ധിച്ചു ബില്ലിൽ എന്തൊക്കെയാണ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. കൃഷി, വ്യവസായം മുതലായ ആവശ്യങ്ങൾക്കു ഈ പ്രസ്ഥാനം ഉപകരിക്കുമെങ്കിൽ നന്നായിരിക്കുമെന്നാണെന്റെ അഭിപ്രായം. കൃഷി ആവശ്യങ്ങൾക്കു സഹകരണസംഘങ്ങൾ മുഖേന പണം കടം കൊടുക്കുക, ആവശ്യമുള്ള വളം ഈ സംഘങ്ങൾ മുഖാന്തിരം വിതരണം ചെയ്യുക ഇങ്ങനെയുള്ള കാര്യങ്ങൾക്കു വ്യവസ്ഥചെയ്യുന്നതു നല്ലതാണു്. തിരുവിതാംകൂറിൽ അധികഭാഗവും ഗ്രാമപ്രദേശങ്ങളാണെന്നു നമുക്കെല്ലാം അറിവുള്ളതാണു്. ഗ്രാമപ്രദേശങ്ങളിൽ ഈ സഹകരണപ്രസ്ഥാനം വളരെ ഉപകരിക്കും. ഗ്രാമജീവിതത്തിലെ സ്വഭാവത്തിനു്, അതായതു് മഹാത്മാഗാന്ധി വിഭാവനംചെയ്തതരത്തിലുള്ള ഗ്രാമജീവിതത്തിനു് ഈ പ്രസ്ഥാനം വളരെ ഉപകാരമായിരിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ന്യായമായ രീതിയിൽ വളരെ ആത്മാർത്ഥതയോടുകൂടി ഈ വിഷയത്തിൽ പ്രവർത്തിക്കുകയാണെങ്കിൽ ഈ പ്രസ്ഥാനം വിജയകരമാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്തായാലും, മാതൃഭാഷയെ വിഗണിച്ചു യാതൊന്നും ചെയ്യരുതെന്നുകൂടി ഞാൻ ഈ സമയത്തു് ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. മന്നത്തു പത്മനാഭൻ: ബഹുമാനപ്പെട്ട സ്പീക്കറും മന്ത്രിമാരുമെങ്കിലും മലയാളത്തിൽ സംസാരിക്കണമെന്ന വ്യവസ്ഥചെയ്യുന്നതു നല്ലതല്ലേ?

മി. സ്പീക്കർ: സഭയുടെ ശ്രദ്ധയിൽ ഇരിക്കുന്ന ബില്ലിൽ ഈ വാദപ്രതിവാദവിഷയം ഉൾപ്പെട്ടുന്നില്ലാത്തതുകൊണ്ടു അനുവദിക്കുന്നില്ല.

ശ്രീ. സി. വി. ഇയ്യു: പരസ്പരസഹായസംഘങ്ങളെ രൂപീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുംവേണ്ടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിന്റെ കാര്യത്തിൽ ഈ സഭയിലെ അംഗങ്ങൾക്കു വളരെ താല്പര്യമുള്ളതായി കാണുന്നതിൽ സന്തോഷിക്കുന്ന ഒരാളാണു ഞാൻ. ഒരു രാജ്യത്തു് പരസ്പരസഹായസംഘങ്ങൾ വിജയിക്കുന്നതു് ആ രാജ്യത്തെ ജനങ്ങളുടെ സ്വഭാവരൂപീകരണത്തെ ആശ്രയിച്ചിരിക്കും. നമ്മുടെ സ്റ്റേറ്റിൽ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം എനിക്കു നിശ്ചയമില്ല, കൊച്ചിയെസംബന്ധിച്ചിടത്തോളം പരസ്പരസഹായസംഘടനാപ്രസ്ഥാനം വിജയപ്രദമായിരുന്നുവെന്നു് എനി

LIBRARY ARCHIVES Kerala Legislative Assembly

ക്ക ബോദ്ധ്യമില്ല. എന്നാൽ കൊച്ചിയിൽ കറേക്കൂടി നന്നാക്കി വിജയപ്രദമാക്കാവുന്നവിധം പ്രവൃത്തിക്കുവാനുള്ള പദ്ധതികൾ ഇല്ലായിരുന്നുവെന്നാണ് ഞാൻ പറയുന്നത്. കൊച്ചിയിൽ ഉണ്ടായിട്ടുള്ള പരസ്പരസഹായസംഘങ്ങൾ പലതും നന്നായി നടത്തിപ്പോരുവാൻ അവിടത്തെ ലാൻറ് മോർട്ട്ഗേജ് ബാങ്കിൻെറയും പരസ്പരസഹായ സെൻട്രൽ ബാങ്കിൻേറയും പ്രവർത്തനം വളരെ സഹായിച്ചിട്ടുണ്ടെന്നുള്ളതിനു് പല ദൃഷ്ടാന്തങ്ങളുമുണ്ടു്. അവിടെ ധാരാളം റേഷൻ ഷാപ്പുകൾ പരസ്പരസഹായസംഘങ്ങൾ ഏറെറടുത്തു നടത്തിവരുന്നുണ്ടു്. മലബാറിൽ മുഴുവൻ പരസ്പരസഹായസംഘങ്ങൾമൂലമാണു് റേഷൻ സംഭരണവും വിതരണവും നടത്തുന്നതു്. ചില്ലറയായി ചില ആക്ഷേപങ്ങൾ അതിനെപ്പററി പത്രങ്ങളിൽ കണ്ടിരുന്നുവെങ്കിലും അങ്ങിനെയുള്ള സംഘങ്ങളിൽ മിക്കവയും നല്ലനിലയിൽ പ്രവർത്തനം നടത്തി കൂടുതൽ ലാഭമുണ്ടാക്കുകയും റോഡുണ്ടാക്കുക, പാലം പണിയുക മുതലായ ആവശ്യങ്ങൾക്കായി വലിയ തുകകൾ സംഭാവനകൾ ചെയ്കയും ചെയ്തിട്ടുണ്ടു്. ഭക്ഷ്യധാന്യവിതരണം, അവയുടെ സംഭരണം തുടങ്ങിയുള്ള ജോലികൾ ശരിയായി നടത്തുവാൻ പരസ്പരസഹായസംഘങ്ങൾ ഇന്നു് അനുവർത്തിക്കുന്ന പദ്ധതി ഏറവും സ്വീകാര്യമായിട്ടുള്ളതാണു്. ഈ ബില്ലിൻെറ പ്രവർത്തനം ആ പദ്ധതിയുടെ നടത്തിപ്പിനു് കൂടുതൽ സഹായകമായിരിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു.

രജിസ്ട്രാക്ക് കൂടുതൽ അധികാരം കൊടുക്കുന്നതിനെപ്പററി ചില അംഗങ്ങൾ ഇവിടെ ആക്ഷേപിക്കുകയുണ്ടായി. എൻെറ അഭിപ്രായത്തിൽ ഇന്നത്തെ ഭരണാധികാരിയായ മന്ത്രി ആരായിരുന്നാലും ആ ആൾ ഈ സഭയോടു് ഉത്തരവാദപ്പെട്ട ആളാണു്. ഈ സഭ രാജ്യത്തെ ജനങ്ങളോടു് ഉത്തരവാദപ്പെട്ടതുമാണു്. ഈ ജനാധിപത്യഗവർമ്മെണ്ടിൻെറ ഭരണത്തിൻകീഴിലിരിക്കുന്ന ഒരു ഉദ്യോഗസ്ഥനു് എക്സിക്യൂട്ടീവ് അത്തോറിട്ടിയെന്ന നിലയിൽ കൂടുതൽ അധികാരം കൊടുത്താൽ.....

ശ്രീ. മന്നത്തു പത്മനാഭൻ: ആ ഉദ്യോഗസ്ഥൻ തിരുവിതാംകൂറുകാരനാണോ?

ശ്രീ. സി. വി. ഇയ്യു: കൊച്ചീക്കാരനാണെന്നാണു തോന്നുന്നതു്, നല്ല നിശ്ചയമില്ല. തിരുവിതാംകൂറുകാരനായ ഉദ്യോഗസ്ഥനാക്കേ കൂടുതൽ അധികാരം കൊടുത്തുകൂടെന്നുണ്ടോ? അദ്ദേഹത്തിനു് കൂടുതൽ അധികാരം കൊടുക്കുന്നതു് രാജ്യത്തിൻെറ നന്മയ്ക്കും പരസ്പരസഹായസംഘങ്ങളുടെ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിക്കും നീതിപരിപാലനത്തിലും ഏറവും അനുയോജ്യമായിരിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ഈ സഭയിൽ ബഹുമാനപ്പെട്ട തൃശ്ശൂർ വനിതാമെമ്പർ പരസ്പരസഹായസംഘം രജിസ്ട്രാരെക്കുറിച്ചു് ചിലതെല്ലാം അഭിപ്രായപ്പെടുകയുണ്ടായി. ഈ സഭയിൽ അധികാരത്തിലിരിക്കുന്ന കക്ഷിയിൽ പെട്ട അംഗങ്ങൾ ഗവർമ്മെണ്ടിൻെറ കീഴിൽ ഉദ്യോഗം വഹിക്കുന്ന ഒരാളെക്കുറിച്ചു് ഇത്തരം ആക്ഷേപങ്ങൾ പറയുവാൻ പാടുള്ളതല്ലെന്നു് ആ കക്ഷിയിലെ നേതാവു് അവരെ ഉപദേശിക്കണമെന്നു് എനിക്കപേക്ഷയുണ്ടു്. പാർട്ടിയോഗത്തിൽ ഉദ്യോഗസ്ഥന്മാരുടെ ഉദ്ഭരണത്തെ വിമർശിച്ചു അധികാരത്തിലിരിക്കുന്ന കക്ഷിയിലെ അംഗങ്ങൾക്കു് അവരുടെ നേതാവിനെ ബോദ്ധ്യപ്പെടുത്തുവാൻ സാധിക്കാത്തപക്ഷം ആ സ്ഥാനത്തു നിന്നിറങ്ങി പീന്നീടു മെമ്പറായി ഞങ്ങളുടെ ഭാഗത്തു വന്നിരുന്നു് വിമർശിക്കുവാൻ സൗകര്യമുണ്ടോ എന്നു നോക്കണം. അതുചെയ്യാതെ ഈവിധം സഭയുടെ സമയം അനാവശ്യമായി കളയുന്നതു വളരെ സങ്കടമാണു്. രജിസ്ട്രാരെപ്പററി അവർ ഉന്നയിച്ചതായ ഒരു കാരണം പണ്ടൊരിക്കൽ അദ്ദേഹം ലാൻറ് മോർട്ട്ഗേജ് ബാങ്കിൻെറ സിക്രട്ടറിയായിരുന്നുവെന്നാണു്. അന്നും ഞാൻ അന്ന

LIBRARY ARCHIVES Kerala Legislative Assembly

[Sri. C. V. Iyyu]

ത്തെ കൊച്ചിയിൽ ഒരു നിയമസഭാംഗമായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് ഞാൻതന്നെ നിയമസഭയിൽ ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായിട്ടുണ്ട്. അന്ന് അവിടെ മന്ത്രിയായിരുന്ന് മറുപടി പറഞ്ഞ ആളും ഈ സഭയിൽ ഇന്നു സന്നിഹിതനായിട്ടുണ്ട്. അദ്ദേഹം അന്ന് പറഞ്ഞ മറുപടി, രജിസ്ട്രാരെ ലാൻറ മോർട്ട്ഗേജ് ബാങ്ക് സിക്രട്ടറിയാക്കിയതു് അദ്ദേഹത്തിനുള്ള അപ്രാപ്തി കൊണ്ടോ കായ്ക്ഷമതയില്ലായ്മകൊണ്ടോ അല്ല; ബാങ്കിനു നല്ലൊരു സിക്രട്ടറി വേണമെന്ന ഉദ്ദേശത്തോടുകൂടിയാണ് എന്നാണ്. ഇതു ശരിയാണെന്നുള്ളതു് അന്നത്തെ നിയമസഭാ പ്രൊസീഡിംഗ്സ് എടുത്തുനോക്കിയാൽ കാണാം. അതുകൊണ്ട് ഈ വിധത്തിൽ ഉദ്യോഗസ്ഥന്മാരെക്കുറിച്ച് വിമർശിക്കുന്നതു കഷ്ടമാണ്. പ്രത്യേകിച്ചും അധികാരത്തിലിരിക്കുന്ന കക്ഷിയിൽ പെട്ടവർ അതു ചെയ്യുവാൻ പാടില്ലാത്തതുമാണ്. ആ വിധം വല്ലതും പറയണമെന്നുണ്ടെങ്കിൽ ഞങ്ങൾക്കാണ് അതിനുള്ള അധികാരവും അവകാശവും. ഈ ബില്ലിൽ രജിസ്ട്രാക്ക് ഒരു എക്സിക്യൂട്ടീവ് അത്തോറിട്ടിയെന്ന നിലയിൽ സംഘങ്ങളെ ചെക്ക് ചെയ്യുവാനും കുറ്റം കണ്ടുപിടിച്ച് കേസാക്കുവാനും പ്രവർത്തകന്മാർ വല്ല കൃത്രിമമോ കളവോ കാണിച്ചാൽ അതിനു അവരെ പ്രോസിക്യൂട്ടുചെയ്യുവാനും ഉള്ള എല്ലാ അധികാരവുമുണ്ടായിരിക്കണം. അങ്ങിനെയുള്ള കേസുകൾ ഉണ്ടാകുമ്പോൾ മന്ത്രിമാർ അതിൽ പ്രവേശിച്ച് സ്റ്റേഓർഡർകൊടുത്തു കുഴപ്പമുണ്ടാക്കരുതു്, കോടതിയിൽനിന്നും ന്യായമായി ശിക്ഷിക്കുകയോ വിടുകയോ ചെയ്യട്ടെ എന്നു വെക്കണം—ഈവക കായ്ങ്ങളിൽ ഗവൺമെണ്ടു ന്യായമായ നടപടിയെടുക്കുമെന്നു വന്നാൽ പിന്നെ കൂട്ടുകൃഷി സമ്പ്രദായവും മറ്റു പരിഷ്ക്കാരങ്ങളുമെല്ലാം തന്നത്താൻ ശരിപ്പെട്ടുകൊള്ളും.

ഇതു് സാക്ഷരതപോലുള്ള ഒരു രാജ്യമാണ്. ഇവിടത്തെ സാമാന്യജനങ്ങൾ വളരെ ബുദ്ധിയുള്ളവരാണ്. അതുകൊണ്ടു് ഈ പ്രസ്ഥാനത്തിനു സുവ്യക്തമായ വിജയങ്ങളും ഉണ്ടാകുകയുംചെയ്യും. ഞാൻ ഈ ബില്ലിനെ ഹാർദ്ദമായി സ്വാഗതംചെയ്യുകയും വേണ്ടിടത്തോളം അധികാരങ്ങൾ ഇതിന്റെ ഔദ്യോഗിക പ്രവർത്തകന്മാർക്കു കൊടുക്കണമെന്നു് അഭ്യർത്ഥിക്കുകയുംചെയ്യുന്നു.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഈ ബില്ലിനെപ്പറ്റി രണ്ടു വാക്കു് പറയണമെന്നു ഞാൻ വിചാരിക്കുന്നു. എനിക്കു് മുമ്പു് സംസാരിച്ച ചില മെമ്പറന്മാർ പ്രത്യേകം ചില ആവശ്യങ്ങൾക്കുവേണ്ടി തുടങ്ങിയിട്ടുള്ള എതാനും കോവാപ്പറേറീവു് സൊസൈറ്റികൾ—അതായതു്, വ്യവസായം, കച്ചവടം, എന്നീ ആവശ്യങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള പരസ്പരസഹായസംഘങ്ങൾ മാത്രമെ വിപുലപ്പെടുത്തുവാൻ പാടുള്ളു എന്നു പറയുകയുണ്ടായി. അതു് ശരിയല്ല. മനുഷ്യരുടെ ജീവിതക്ലേശങ്ങൾ അകറ്റുവാൻവേണ്ടി ആന്തരികമായി കോവോപ്പറേറീവിന്റെ അടിസ്ഥാനത്തിൽ തുടങ്ങിയിട്ടുള്ള എല്ലാ സഹകരണപ്രസ്ഥാനങ്ങൾക്കും ശരിയായ നിലയിൽ ഒരു വ്യവസ്ഥിതി ഏർപ്പെടുത്തേണ്ടതു് അത്യാവശ്യമാണെന്നും എല്ലാംകൊണ്ടും അതു് വളരെ ഉപയോഗപ്രദമായിരിക്കുമെന്നുമാണ് എന്റെ അഭിപ്രായം. ഇന്നത്തെ കാൺഗ്രസ്സ് ഗവൺമെണ്ടിനു് അതിനു് തക്കകൽപ്പുണ്ടോ, അർഹതയുണ്ടോ എന്നു നോക്കിയാൽ കാൺഗ്രസ്സ് ഗവൺമെണ്ടിന്റെ മറ്റു നാട്ടുരാജ്യങ്ങളിലെ നടപടികൾകൊണ്ടു് ആ വിഷയത്തിൽ ഇവിടത്തെ ഭരണകക്ഷി വളരെ പിന്നോക്കമാണെന്നു കാണാമെങ്കിലും കോൺഗ്രസ്സ് ഗവൺമെണ്ടിനു് ഇതിലും വലിയ കായ്ങ്ങൾ ചെയ്യുവാൻ സാധിക്കുമെന്നുള്ളതിനു് സംശയമില്ല. നമ്മുടെ യഥാർത്ഥമായ ലക്ഷ്യവും പരമമായ ആദർശവും അനുഷ്ഠാനങ്ങളുമെല്ലാം വേണ്ടവിധം നിയന്ത്രിക്കപ്പെടുന്നതിനു് കോവോപ്പറേ

LIBRARY ARCHIVES Kerala Legislative Assembly

റിവ് ബേസിസ്സിലുള്ള സ്ഥാപനങ്ങൾ ആവശ്യമാകയാൽ നമ്മുടെ ഗവൺമെന്റ് ഈ കാലഗതിക്കനുസരിച്ച് മുന്നോട്ടുപോകണമെന്നും അതിനെതുടർന്നുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്നും പറയുമ്പോൾ ഗവൺമെന്റിനു് അതു് നിഷേധിക്കുവാൻ നിവൃത്തിയില്ല. ഈ രാജ്യത്തിനു് കോവോപ്പറേറ്റീവു് അടിസ്ഥാനത്തിലുള്ള ഒരു സാമ്പത്തികപരോഗതിയുണ്ടാകണം. അതിനുള്ള പരിശ്രമങ്ങളാണു് ചെയ്യേണ്ടതു്. കൃഷിക്കാരുടെ സംഘടനകളെ ഇതിലെങ്ങനെ ഉൾപ്പെടുത്താം, വ്യവസായികളുടെ സംഘടനകളെ ഇതിലെങ്ങനെ ഉൾപ്പെടുത്താം, ക്ലിയെസംബന്ധിച്ചു് എങ്ങിനെ നിയന്ത്രിക്കാം, എന്നുള്ള പല സംഗതികളും ഈ കോവോപ്പറേറ്റീവു് അടിസ്ഥാനത്തിൽ ചെയ്യേണ്ടതുണ്ടു്. നാട്ടിലെ ഉല്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജനക്ഷേമകരങ്ങളായ മറ്റു കാര്യങ്ങൾ നിർവഹിക്കുന്നതിനും കോവോപ്പറേറ്റ് ചെയ്യുന്നതു് നല്ലതാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല. യഥാർത്ഥമായും സമാധാനപരമായും ഉള്ള രീതിയിൽ രാജ്യത്തെ ജനങ്ങളുടെ ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിച്ചും, ഉല്പന്നങ്ങൾ വർദ്ധിപ്പിച്ചും ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടത്തുന്നതിനു് കോവോപ്പറേറ്റീവു് സൊസൈറ്റികൾ ആവശ്യമാണു്. ഇന്നു് ഈ പ്രസ്ഥാനം അതർഹിക്കുന്നവിധത്തിൽ പുരോഗമിച്ചിട്ടില്ല. വേണ്ടത്ര വികസനം അതിനു് സിദ്ധിച്ചിട്ടില്ല. സഹകരണാടിസ്ഥാനത്തിൽ കൃഷിക്കാരും തൊഴിലാളികളും എല്ലാം അവരവരുടെ ആവശ്യങ്ങൾ ശരിയാംവണ്ണം നിറവേറ്റണമെന്ന ഉദ്ദേശത്തോടുകൂടി പല സംഘങ്ങളും സ്ഥാപിച്ചു് നടത്തിപ്പോരുന്നുണ്ടു്. ഇന്നത്തെ കാൺഗ്രസ്സു് ഗവൺമെന്റിനു് അവയെ എതെല്ലാം തരത്തിൽ സഹായിച്ചു് രാജ്യക്ഷേമത്തിനുതകുന്നവിധം ഉദ്ധരിക്കുവാൻ സാധിക്കുമോ ആ രീതിയിൽ ഉദ്ധരിച്ചു് വിപുലമായതോതിൽ മുന്നോട്ടു് കൊണ്ടുവരണം. കൃഷിസ്ഥലങ്ങൾ വർദ്ധിപ്പിക്കുകയും കൃഷി ചെയ്യുവാനുള്ള സൗകര്യങ്ങൾ കൂടുതൽ ഉണ്ടാക്കുകയും ചെയ്തു കൂടുതൽ സ്ഥലങ്ങളിൽ ഫലപ്രദമായി കൃഷി ചെയ്യുന്നതിനുള്ള കഴിവുകൾ നമുക്കുണ്ടാകണമെങ്കിൽ കോവോപ്പറേറ്റീവു് സൊസൈറ്റികളുടെ പ്രവർത്തനത്തെ ശക്തിപ്പെടുത്തണം. അതിനു് നിമയം ആവശ്യമാണു്.

ഇന്നു് നമ്മുടെ മുമ്പാകെ ഇരിക്കുന്ന ബിൽ തിരുവിതാംകൂറിലും കൊച്ചിയിലും നിലവിൽ ഇരിക്കുന്ന നിയമങ്ങളെ സംയോജിപ്പിക്കുന്ന ഒന്നാണു്. അങ്ങനെയുള്ള ഒരു എളിയ സംരംഭമാണെന്നു് ബില്ലിൽതന്നെ പറഞ്ഞിട്ടുണ്ടു്. ഞാൻ ബില്ലിന്റെ ഉള്ളിലേയ്ക്കു് പ്രവേശിക്കുന്നില്ല. അതിനുള്ള സമയമില്ല. അതിനൊരു സന്ദർഭം ഇനി ഉണ്ടാകയും ചെയ്യും. ഏതായാലും ക്ഷമാപണസ്വഭാവമുള്ള ഒരു ബിൽ പോരാ നമുക്കു്. നാം ഒരു കോവാപ്പറേറ്റീവു് കോമൺവെൽത്തു് ഉണ്ടു് വിഭാവനം ചെയ്തിരിക്കുന്നുവെങ്കിൽ എന്തുകൊണ്ടു് അതിനു് അനുയോജ്യമായ ഒരു ബിൽ ഇവിടെ കൊണ്ടുവരാൻ പാടില്ല. പല സംഗതികളിലും മാർഗ്ഗദർശിത്വം നൽകിയിട്ടുള്ള തിരുവിതാംകൂർ കൊച്ചിക്കു് എന്തുകൊണ്ടു് ഇക്കാര്യത്തിലും മാർഗ്ഗദർശിത്വം നൽകാൻ പാടില്ല എന്നാണു് ഞാൻ ചോദിക്കുന്നതു്. ആ വിധത്തിൽ നോക്കുമ്പോൾ കൃഷി ചെറുതരം വ്യവസായങ്ങൾ ഉടങ്ങി സാമ്പത്തികമായ എല്ലാ തുറകളേയും സംഗ്രഹിച്ചു് ശ്രീ. ഗംഗാധരൻ പറഞ്ഞതുപോലെ സർവ്വംഗ്രഹമായ ഒരുബിൽ കൊണ്ടുവരാൻ കഴിഞ്ഞിരുന്നുവെങ്കിൽ അതു് കൂടുതൽ സ്വാഗതാർഹമായിരുന്നു. എന്തായിരുന്നാലും സെലക്ടു് കമ്മിറ്റിയിൽവെച്ചു് ഇതിനെപ്പറ്റി ഗാഢമായി പര്യാലോചിച്ചു് കഴിയുന്നതു പുരോഗമനപരമായ വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തേണ്ടതു് ആവശ്യമാണു്.

അതേ അവസരത്തിൽ ഈ ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തെ സംബന്ധിച്ചുള്ള വൈകല്യങ്ങളെപ്പറ്റിയും ഇവിടെ പറഞ്ഞുകേട്ടു. ഇന്നു് കോവാപ്പറേറ്റീ

LIBRARY ARCHIVES Kerala Legislative Assembly

[Sri. P Kunjukrishnan]

വ് ഡിപ്പാർട്ട്മെൻറ് വെറും ചെറിയ ഒരു തുറയായി പുറംതള്ളിയിരിക്കയാണ്. മറ്റ് ഡിപ്പാർട്ട്മെൻറുകളെപ്പോലെ ഈ ഡിപ്പാർട്ട്മെൻറിനെ ആരും അത്ര മാനിക്കുന്നില്ല, പരിഗണിക്കുന്നുമില്ല. കോവാപ്പറേറീവ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾതന്നെ ചെറിയ ചെറിയ സ്വാർത്ഥം അഭ്യുപകന്മാരും നാട്ടിൻപുറത്തു തമ്മിൽ തമ്മിൽ വഴക്കടിച്ചുകൊണ്ടിരിക്കുന്ന കുറെ ആളുകളുമാണ്. ഇവർ ഈ പ്രവർത്തനത്തിൽ ഏർപ്പെട്ട് ഇതിന്റെ പ്രാധാന്യത്തെ തീരെ ഗൗനിക്കുന്നില്ല. - നമുക്ക് ഒന്നുകിൽ കോവാപ്പറേഷൻ വേണം, അല്ലെങ്കിൽ വേണ്ട. കോവാപ്പറേഷൻ വേണമെന്നുണ്ടെങ്കിൽ വെറുതെ പണം പാഴാക്കാതെ പ്രയോജനകരമായ രീതിയിൽ പ്രവർത്തിക്കണം. ഉദ്യോഗസ്ഥന്മാർക്ക് ചില കുറവുകളും കുറ്റങ്ങളും ഉണ്ടായിരിക്കും. അത് പരിഹരിക്കേണ്ടതു് വളരെ ആവശ്യമാണ്. അവർ കൊള്ളരുതാത്തവരാണെങ്കിൽ അവരെ മാറ്റേണ്ടതും ആവശ്യമാണ്. അതേ അവസരത്തിൽ ജനങ്ങൾക്ക് ഇതിൽ കൂടുതൽ താല്പര്യമുണ്ടാകണം. അങ്ങനെ ജനങ്ങളും ഗവർമ്മെണ്ടും ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാരും ഒന്നിച്ച് ചേർന്ന് സഹകരണപ്രസ്ഥാനം ശരിയായ നിലയിൽ കൊണ്ടുപോകേണ്ടതു് അത്യാവശ്യമാണെന്നാണ് എന്റെ അഭിപ്രായം. ഈ വക സംഗതികളെപ്പറ്റി ഗാഢമായി ചിന്തിക്കണമെന്നും സഹകരണപ്രസ്ഥാനം അർഹിക്കുന്ന വിലയും പ്രാധാന്യവും പ്രവർത്തന സരണികളും കൊടുക്കേണ്ട സമയം വളരെ ആസന്നമായിരിക്കുന്നുവെന്നും പറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഈ സഭയിലെ ബഹുമാനപ്പെട്ട പല അംഗങ്ങളും ഇതിനകം ഈ ബില്ലിനെപ്പറ്റി സംസാരിച്ചു കഴിഞ്ഞിരിക്കുന്നു. പ്രതിപക്ഷകക്ഷിയിൽനിന്നായാലും ശരി കോൺഗ്രസ്സ് കക്ഷിയിൽനിന്നായാലും ശരി പല വിമർശനങ്ങളും സൃഷ്ടിപരമായ നിർദ്ദേശങ്ങളും ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഞാൻ മുഖവുരയായി പറഞ്ഞതുതന്നെ ഇതു് വേണ്ടവിധം പരിവർത്തനാത്മകം ആയ ഒരു ബില്ല് അല്ലെന്നായിരുന്നു. കൊച്ചിയിലേയും തിരുവിതാംകൂറിലേയും ഇതു് സംബന്ധിച്ചുള്ള നിയമങ്ങൾ ഏകീകരിച്ച് ഒരു നിയമം ഉണ്ടാക്കണമെന്നുള്ളതായിരുന്ന പ്രധാന ഉദ്ദേശമെന്ന ഞാൻ ആദ്യമേതന്നെ വിശദമാക്കിയ ഒരു വസ്തുതയാണ്. എന്നാൽ അതോടൊപ്പം ചില വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ടെന്നും ഞാൻ പറഞ്ഞു. കോവാപ്പറേറീവ് സൊസൈറ്റികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിൽ നേരിടാവുന്ന എല്ലാ അവസ്ഥാന്തരങ്ങളേയും നേരിടുന്നതിനു് ഈ ബില്ലിനകത്തു് മതിയായ വ്യവസ്ഥകളുണ്ടെന്നു് ഞാൻ അഭിമാനിക്കുന്നില്ല. അതുകൊണ്ടാണ് സാധാരണ ഗതിയിൽ ഇതു് സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിനു് അയക്കണമെന്നും ഇവിടെ ഉന്നിതമായ കാര്യങ്ങൾ സെലക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യണമെന്നും ഞാൻ പറഞ്ഞതു്.

സർ, കൂടുതൽ സൃഷ്ടിപരമായ നിർദ്ദേശങ്ങൾ ലഭിച്ചതു് കോൺഗ്രസ്സ് ബഞ്ചുകളിൽ നിന്നായിരുന്നു എന്നു പറയാൻ എനിയ്ക്ക് സന്തോഷമുണ്ട്. പ്രതിപക്ഷകക്ഷികളിൽപ്പെട്ടവർ ബില്ലിനെ ഒന്നു എതിർത്തുവെങ്കിലും കാര്യമായ ഒരു നിർദ്ദേശവും അവർക്കു നൽകാൻ ഉണ്ടായിരുന്നില്ല. പ്രതിപക്ഷകക്ഷിയിലെ ഒരു കുഞ്ഞാടു് ആയ ശ്രീ. പണ്ടാരത്തിലും ഒന്നു നോക്കി. ഈ ബില്ല് ഫാജാമാക്കിയ മന്ത്രി ഇക്കായ്യും വല്ലതും നോക്കിയിട്ടാണോ ഇങ്ങനെയൊരു ബില്ല് കൊണ്ടുവന്നിരിക്കുന്നതെന്നു ചോദിക്കുകയുണ്ടായി. പ്രധാനമായി അദ്ദേഹം കൊണ്ടുവന്ന ആക്ഷേപം കോവാപ്പറേറീവ് രജിസ്ട്രാർക്ക് ഒരു ഗവർണ്ണരുടെ അധി

LIBRARY ARCHIVES Kerala Legislative Assembly

കാരം കൊടുത്തിരിക്കുന്നതു് ഒരു ഫാസിസ്റ്റാക്കി അദ്ദേഹത്തെവെച്ചു വാഴിക്കാനാണെന്നാണു്.

ശ്രീ. മന്നത്തു പത്മനാഭൻ: ബഹുമാനപ്പെട്ട മന്ത്രി കുഞ്ഞാടു് എന്നു പറഞ്ഞതു് ഏതു് ഭാഷയിൽകൂടിയാണെന്നു പറഞ്ഞാൽകൊള്ളാം.

ശ്രീ. എൻ. കുഞ്ഞുരാമൻ: പറഞ്ഞ ഭാഷയിൽകൂടിതന്നെയാണു്. അദ്ദേഹം പ്രതിനിധീകരിക്കുന്ന പാർട്ടിയുടെ ഡെപ്യൂട്ടി ലീഡർ പറഞ്ഞു സഹകരണസംഘങ്ങൾ അപഹരണസംഘങ്ങളാണെന്നു്. ആ അപഹരണസംഘങ്ങൾക്കാണോക്കൂടുതൽ സ്വാതന്ത്ര്യം കൊടുക്കേണ്ടതു്. യാതൊരു കടിഞ്ഞാണുമില്ലാതെ സംഘങ്ങളെ വിടണമെന്നാണു് പറയുന്നതു്. ഏതായാലും അദ്ദേഹത്തിന്റെ പാർട്ടി നേതാവു് പറഞ്ഞ അഭിപ്രായം ഒന്നും അദ്ദേഹം പറഞ്ഞ അഭിപ്രായം മറ്റൊന്നുമാണു്. പ്രതിപക്ഷകക്ഷിയിൽപ്പെട്ട ഒരാൾക്കു് അതികർശനമായിത്തന്നെ വിമർശിക്കാനുള്ള അവകാശമുണ്ടു്, അതു് സ്വായത്തമാണു്. അങ്ങനെ വിമർശിച്ചതിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല.

ശ്രീ. പൊന്നറ ശ്രീധർ ഇതിൽ വച്ചിരിയ്ക്കുന്ന വ്യവസ്ഥകളെല്ലാം ശരിയും കിരാതവുമാണെന്നും ഏകാധിപത്യകാലത്തു നിലവിലിരുന്ന ആക്ടിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ജനകീയഭരണകാലത്തു ഒരു ബില്ലു് കൊണ്ടുവന്നതു സാഹസമായിപ്പോയിയെന്നും പറയുകയുണ്ടായി. ഇന്നു് മദ്രാസിലും ബോംബെയിലുമെല്ലാം ജനകീയഭരണമാണു് നിലവിലിരിക്കുന്നതു്. അവിടെയുള്ള വ്യവസ്ഥകൾക്കു് വിപരീതമായി ഒന്നും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളതു് അദ്ദേഹം അറിഞ്ഞിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

ശ്രീമാൻ ഈശ്വരപിള്ള അവർകൾ പറയുകയുണ്ടായി ബോംബെ, യു. പി. മുതലായ പല സ്ഥലങ്ങളിലും പുരോഗമനപരമായ നിയമങ്ങൾ സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം ഈ അടുത്ത കാലത്തു് ഉണ്ടായിട്ടുണ്ടെന്നു്. അദ്ദേഹം അപ്രകാരം പറഞ്ഞതു് അന്വേഷിച്ചിട്ടാണോ എന്നു് എനിയ്ക്കു് സംശയമാണു്. എഫ്. എ. ഒ. യുടെ സുപാർശകൾ ഉണ്ടായതു ഫൻ൪൯ ഒക്ടോബർ നവംബറിലാണു്. അതിനുശേഷം എഫ്. എ. ഒ. യുടെ നിർദ്ദേശങ്ങളെ ആസ്പദമാക്കി പുരോഗമനപരമായ ഒരു നിയമം സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിൽ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഫൻ൫൨-ലെ മദ്രാസ് ആക്ടും ഫൻ൫൫-ലെ ബോംബെ ആക്ടും കാലാകാലങ്ങളിൽ വേണ്ട പരിഷ്കാരങ്ങളോടുകൂടി ഇന്നു് വിപുലപ്പെട്ടിട്ടുണ്ടു്. അതിൽനിന്നും പല തത്വങ്ങളും വ്യവസ്ഥകളും ഈ ബില്ലിൽ സ്വീകരിച്ചിട്ടുണ്ടെന്നു മുഖവുരയായി ഞാൻ അറിയിച്ചുകൊള്ളുന്നു.

സർ, ചിന്താർഹമായ പല സംഗതികളും ഇവിടെ ഉന്നയിച്ചിട്ടുണ്ടു്. അതിലേയ്ക്കു് എന്റെ ശ്രദ്ധ ആകർഷിക്കപ്പെട്ടും കഴിഞ്ഞിട്ടുണ്ടു്. ക്ലാ൦ അംഗങ്ങൾ പോൾ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യാമെന്നുള്ള വ്യവസ്ഥ പാടില്ലെന്നു ശ്രീ. കുഞ്ഞച്ചൻ പറഞ്ഞു. അതു് സ്വീകാര്യമായ ഒരു നിർദ്ദേശമാണു്. കുറഞ്ഞതു് ഇരുപത്തഞ്ചോ അൻപതോ ആക്കണമെന്നാണു് പറയുന്നതു്. അതു് സെലക്ട് കമ്മറ്റിയുടെ പരിഗണനയിൽ എടുക്കാം.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അങ്ങനെ അപേക്ഷകന്മാരുടെ സംഖ്യ കൂട്ടുന്നതോടുകൂടി സഹകരണസംഘങ്ങളുടെ തുപവൽക്കരണത്തിനു് പ്രയാസം നേരിടുകയില്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല അതിനു് explanation-ൽ പറഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Sri N. Kunjuraman]

പാക്കറ്റ് സൊസൈറ്റികൾ പലരുടേയും കയ്യിലുണ്ട്. അതായത് സംഘം രജിസ്റ്റർ ചെയ്ത് പാക്കറ്റിൽ ഇട്ടുകൊണ്ട് നടക്കുന്ന ഒരു പതിവ്. അങ്ങനെയുള്ള സഹകാരികളേയും എനിക്കറിയാം. അവർ വരുത്തിവയ്ക്കുന്ന ദോഷങ്ങൾ ചില്ലറയൊന്നുമല്ല.

അതുപോലെതന്നെ ശ്രീ. മുണ്ടശ്ശേരി വ്യാപകാധിത്തിയെപ്പറ്റി പറയുകയുണ്ടായി. ഒരു വില്ലേജിനകത്ത് ഒരു ഉദ്ദേശത്തോടുകൂടിതന്നെ പ്രവർത്തിക്കുന്ന ഒന്നിലധികം സൊസൈറ്റികൾ ഉണ്ടായിരിക്കുന്നത് സൌകര്യപ്രദമായിരിക്കും. അത് വളരെ കായ്മായ ഒരു സംഗതിയാണ്. ഒരു തരത്തിലുള്ള കൂടുതൽ സംഘങ്ങൾ ഒരു വ്യാപകാധിത്തിയുണ്ടാകുന്നത് ആരോഗ്യകരമായ വളർച്ചയെ യോജിച്ചതല്ലെന്ന ഞാനും സമ്മതിയ്ക്കുന്നു. അതും സെലക്ട് കമ്മിറ്റിയിൽ പരിഗണിക്കപ്പെടാം.

പിന്നെ ഉന്നയിച്ച ഒരു വാദം സൂപ്പർസീഡ് ചെയ്യുന്നതിനെ സംബന്ധിച്ചാണ്. ബോംബെ ആക്ടിൽ അങ്ങിനെയൊരു വ്യവസ്ഥ ഇല്ലെങ്കിലും ചില പ്രത്യേക പരിതസ്ഥിതികളിൽ സൂപ്പർസീഡ് ചെയ്യുന്നതിനുള്ള വ്യവസ്ഥ മദ്രാസ് ആക്ടിൽ ഉണ്ട്. മാത്രമല്ല അതു ഈ രാജ്യത്ത് നിലവിലിരിയ്ക്കുന്ന ഒരു വ്യവസ്ഥയാണ്. സഹകരണസംഘങ്ങളുടെ പ്രവർത്തനം നോക്കുമ്പോൾ നിശ്ചയമായും അതുമാതിര, ഒരു അധികാരം രജിസ്ട്രാറിൽ കുറെ കാലത്തേക്കെങ്കിലും നിക്ഷിപ്തമാക്കേണ്ടെ എന്ന ബലമായി സംശയിക്കുന്നു. അല്ലാതെ ഏതെങ്കിലും ഒരു സൊസൈറ്റിയുടെ അവകാശത്തിനോ അല്ലെങ്കിൽ ജനകീയതതച്ഛനോ വിഘാതമായോ നിൽക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല അങ്ങനെ വച്ചിരിക്കുന്നത്. ശരിയായ ഒരു നിയന്ത്രണം സൊസൈറ്റികളുടെ കായ്ങ്ങളിൽ ഉണ്ടായിരിക്കുന്നത് അതിന്റെ വളർച്ചയ്ക്ക് സൌകര്യം നൽകുകയായിരിയ്ക്കും ചെയ്യുന്നതെന്ന വിചാരിക്കുന്നതുകൊണ്ടാണ് അങ്ങനെ ഒരു നിയന്ത്രണം വച്ചിട്ടുള്ളത്. സൊസൈറ്റികളുടെ കൺട്രോൾ രജിസ്ട്രാക്കും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാക്കും വച്ചിരിയ്ക്കുന്നതുകൊണ്ടുമാത്രം സൊസൈറ്റികൾക്ക് വളരാൻ സാധിക്കുന്നില്ലെന്ന പറയുന്നതിനോട് ഞാൻ ഒട്ടും യോജിക്കുന്നില്ല. ഈ ബില്ലിലുള്ള വ്യവസ്ഥകൾ അനുസരിച്ചുതന്നെ നല്ലവണ്ണം പ്രവർത്തിക്കുന്നതിനും വളരുന്നതിനും സൊസൈറ്റികൾക്ക് സാധിക്കുമെന്നാണ് എന്റെ അഭിപ്രായം.

Agricultural farming സൊസൈറ്റികളുടെ കായ്ം ഇവിടെ ഉന്നയിച്ചു. അതിനു പ്രത്യേകമായ ഒരു വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നുള്ളതിനാൽ ഒരു പുതിയ ക്ലൌസ് എഴുതിച്ചേർക്കുന്നതിനെപ്പറ്റി സെലക്ട് കമ്മിറ്റിയിൽ ആലോചിക്കാം. കമ്പൽസറി affiliation of societies to unions and to co-operative institutes എന്നതു നന്നായിരിക്കുമെന്നും അതിൽനിന്നുണ്ടാകുന്ന സംഘപ്രതിനിധികളേയും ഇക്കായ്ത്തിൽ താല്പര്യമുള്ള ആളുകളേയും ചേർത്ത് കോവാപ്പറേറ്റീവ് മന്ത്രി ചെയർമാനായും രജിസ്ട്രാർ സെക്രട്ടറിയായും ഒരു അഡൈ്വസറി ബോർഡ് ഉണ്ടാക്കുന്നതു നല്ലതാണെന്നും ശ്രീ. മുണ്ടശ്ശേരി പറയുകയുണ്ടായി. അങ്ങിനെയായാൽ കാലാകാലങ്ങളിൽ സഹകരണപ്രവർത്തനങ്ങളെ സംബന്ധിച്ച് വേണ്ട കായ്ങ്ങൾ ചെയ്യുന്നതിനു സാധിക്കുന്നതാണ്. അതു സ്വീകാര്യമായ ഒരു നിർദ്ദേശംതന്നെയാണ്. ഇങ്ങനെ പല പല നിർദ്ദേശങ്ങളും ഇവിടെ സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

പിന്നെ ഈ ബിൽ ഇവിടെ ഹാജരാക്കിയപ്പോൾ നിലവിലിരുന്ന ഒരു ബിൽ യാതൊരു വ്യതിയാനവും വരുത്താതെ ഹാജരാക്കിയിരിക്കുന്നു എന്ന പറയുകയുണ്ടായി. എന്നാൽ അതിനു മറുപടിയായി എനിക്കു പറയാനുള്ളതു

LIBRARY ARCHIVES Kerala Legislative Assembly

അവസാനഭാഗത്തു ചേത്തിരിക്കുന്ന ആ ഖണ്ഡിക ഒന്നു വായിക്കുന്നപക്ഷം അതു മനസ്സിലാകുമെന്നുള്ളതാണ്. അതുകൊണ്ടു് അതിനു മറുപടി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ബിൽ സെലക്ട്കമ്മറ്റിക്കയക്കുമ്പോൾ സഹകാരികൾക്കു് അഭിപ്രായം പുറപ്പെടുവിക്കുന്നതിനു് അവസരം കൊടുക്കുന്നതും അതു പരിഗണിക്കുന്നതും അതിലേക്കു് സെലക്ട്കമ്മറ്റിക്കു് സമയം ലഭിക്കുന്നതുമാണു്. അതുകൊണ്ടു് താഴെ പറയുന്ന അംഗങ്ങളടങ്ങിയ സെലക്ട്കമ്മറ്റിക്കു് ഈ ബില്ലു് അയക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

1. ശ്രീ. ജോസഫ് മുണ്ടശ്ശേരി
2. ശ്രീ. പി. ബാലകൃഷ്ണൻതമ്പി
3. ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ
4. ശ്രീ. കെ. കെ. വിശ്വനാഥൻ
5. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള
6. ശ്രീ. പി. സി. തോദിച്ചൻ
7. ശ്രീ. വി. ഗംഗാധരൻനായർ
8. ശ്രീ. ഏലിയാസു് മേരി ആൻറണി
9. ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള
10. ശ്രീ. നീലകണ്ഠരു പണ്ടാരത്തിൽ

ഇതിന്റെ കോറം നാലായിരിക്കുന്നതാണു്.

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഞാൻ പിൻതാങ്ങുന്നു.

The motion was put and carried.

The Bill was referred to the Select Committee.

The Travancore Cochin Local Authorities Entertainment Tax Bill

Minister for Industries, Excise and Local-Self Government **[Sri. N Kunjuraman]:** Sir, I beg to introduce the Travancore-Cochin Local Authorities Entertainment Tax Bill.

Minister for Finance and Revenue **[Sri. A. J. John]:** I second it.

Mr. Speaker: The Bill is introduced.

ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഈ വിനോദനികുതി ബിൽ ഹാജരാക്കിക്കൊണ്ടു് എനിക്കു ദീർഘമായി ഒന്നും പ്രസംഗിക്കാനില്ല. ലോക്കൽ അതാറിറ്റീസ്, അതായതു് കാർപ്പറേഷനും, തിരുവിതാംകൂർ–കൊച്ചി വിഭാഗങ്ങളിലുള്ള മുനിസിപ്പാലിറ്റിയും ഉൾപ്പെട്ട പ്രദേശങ്ങളിൽ വിനോദനികുതി പിരിക്കുന്നതിനു വ്യവസ്ഥചെയ്യുന്ന ഒരു ബില്ലാണിതു്. കൊച്ചി വിഭാഗത്തിനാണെങ്കിൽ വിനോദനികുതി പിരിക്കുന്നതു് 1112–ലെ വ്യാപാരച്ചട്ടത്തിലെ വ്യവസ്ഥയനുസരിച്ചാണു്. ഈ മാതിരി നിയമം മറ്റു പല പ്രവിശ്യകളിലുമുണ്ടു്. ബോംബെ, മദ്രാസ് മുതലായ സ്ഥലങ്ങളിൽ നിലവിലിരിക്കുന്ന ബില്ലും ഇവിടത്തെ ബില്ലും തമ്മിലുള്ള പ്രധാനമായ ഒരു വ്യത്യാസം, ഇതു് ഈ സ്റ്റേറ്റു് ഒട്ടുക്കു ബാധിക്കുന്നവെന്നുള്ളതും, മദ്രാസിലെ നിയമമനുസരിച്ചു് അവിടെ ഈ നികുതി ഗവൺമെന്റിൽനിന്നും ഈടാക്കി ലോക്കൽ അതാറിട്ടീസിനു കൊടുക്കുകയും ഇവിടെ ലോക്കലതാറിറ്റീസിനു ഈടാക്കുന്നതിനുള്ള അധികാരം കൊടുക്കുകയും ആണെന്നുള്ളതുമാണു്. ഇപ്പോൾ ഗവൺമെന്റിനു കാലാ

LIBRARY ARCHIVES Kerala Legislative Assembly